

ഇരിങ്ങാലക്കുട രൂപതയുടെ ദ്വിതീയ ഇടയൻ

**മാർ പോളി കണ്ണൂക്കാടൻ പിതാവിന്**

രൂപതാകുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ

# COAT OF ARMS OF BISHOP PAULY KANNOOKADAN



# MY LORD, MY GOD

## *Irinjalakuda Diocesan Bulletin*

*P. B. No. 59, Irinjalakuda-680 121*

*Ph: 2826830, 2826820*

**പുസ്തകം : 31.** 2010 മെയ് ലക്കം : 5


## ഉള്ളടക്കം


| | | |
|---|---|---|
| 1. | ഇടയശബ്ദം | 02 |
| 2. | കച്ചേരിക്കാര്യങ്ങൾ | 06 |
| 3 | Major Archiepiscopal letter of Canonical Provision | 07 |
| 4 | Congregatio Pro Ecclesiis Orientalibus - Message | 09 |
| 5 | നന്ദിയോടെ... | 11 |
| 6 | നന്ദിയുടെ കുറിപ്പ് | 15 |
| 7. | മതബോധനം | 17 |
| 9 | സെന്റ് പോൾസ് മൈനർ സെമിനാരി | 21 |
| 10 | വാർഷികധ്യാനത്തിൽ പങ്കെടുക്കുന്ന വൈദികരുടെ ലിസ്റ്റ് | 22 |
| 11 | മെത്രാഭിഷേകം-സ്ഥാനാരോഹണം : റിപ്പോർട്ട് | 26 |
| 12 | അൾത്താര ബാലസംഘം | 28 |
| 13 | ബൈബിൾ സൺഡേ - സർക്കുലർ | 29 |
| 14 | സോഷ്യൽ ആക്ഷൻ | 34 |
| 15 | PACS | 35 |
| 16 | സംഘടനാവാർത്തകൾ | |
| | അവാർഡ് | 36 |
| | സി.എൽ.സി | 38 |
| | സാൻജോസദൻ | 38 |
| | ഫാമിലി അപ്പസ്തോലേറ്റ് | 39 |
| | സി.എൽ.എ. | 39 |
| | BLM | 40 |
| | വൊക്കേഷൻ ബ്യൂറോ | 40 |
| | നവചൈതന്യ | 41 |
| | ഇടയന്റെ നാളെകൾ | 41 |
| 17 | ഇടയന്റെ ഇന്നലെകൾ | 43 |




# ഇടയശബ്ദം



## My Lord, My God

ഇരിങ്ങാലക്കുട രൂപതയുടെ ദ്വിതീയ മെത്രാനായി എന്നെ തിരഞ്ഞെടുക്കുകയും നിയോഗിക്കുകയും അഭിഷേകത്താൽ ശക്തിപ്പെടുത്തുകയും ചെയ്ത നമ്മുടെ കർത്താവും ദൈവവുമായ ഈശോമിശിഹായ്ക്ക് ഞാൻ നന്ദിപറയുന്നു. എന്തെന്നാൽ തന്റെ ശുശ്രൂഷയ്ക്കായി എന്നെ നിയമിച്ചുകൊണ്ട് അവിടുന്ന് എന്നെ വിശ്വസ്തനായി കണക്കാക്കി. അവർണ്ണനീയമായ ഈ മഹാദാനത്തെപ്രതി ദൈവമെ, അങ്ങേയ്ക്ക് സ്തുതി.

മാർതോമാശ്ലീഹായുടെ പ്രേഷിതപ്രവർത്തനത്തിന് തുടക്കം കുറിക്കുവാൻ ഭാഗ്യം ലഭിക്കുകയും ഭാരതത്തിലെ ക്രൈസ്തവസഭയുടെ ആസ്ഥാനമായി പതിനാറാം നൂറ്റാണ്ടുവരെ തുടരാൻ സാധിക്കുകയും ഭാരതത്തിലെ പ്രഥമ തദ്ദേശീയ മെത്രാനായി നിയുക്തനായ മാർ ജോസഫ് കരിയാറ്റി മെത്രാപ്പോലീത്തയുടെ ഭദ്രാസനമായി പ്രഖ്യാപിക്കപ്പെടുകയും ചെയ്ത കൊടുങ്ങല്ലൂർ അതിരൂപതയുടെ പുനഃക്രമീകരിക്കപ്പെട്ട ഘടകമായ ഇരിങ്ങാലക്കുട രൂപതയുടെ മെത്രാനായി അഭിഷേകം ചെയ്യപ്പെട്ട് ശുശ്രൂഷ ഏറ്റെടുത്തിരിക്കുന്ന ഈ അവസരത്തിൽ ദൈവതൃക്കരങ്ങളിൽ എന്നെയും എന്നെ ഭരമേൽപ്പിച്ചിരിക്കുന്ന ശുശ്രൂഷാ ദൗത്യത്തെയും, രൂപതയെയും രൂപതയിലെ സഹോദരവൈദികർ, സമർപ്പിതർ, അല്മായ സഹോദരീസഹോദരന്മാർ, നാനാജാതിമതസ്ഥർ എന്നിവരെയും സമർപ്പിക്കുന്നു. ദൈവമെ, മെത്രാൻ ശുശ്രൂഷയ്ക്കായി എന്നെ തിരഞ്ഞെടുക്കുകയും നിയോഗിക്കുകയും ചെയ്ത അങ്ങ് അങ്ങയുടെ, പദ്ധതിക്കനുസൃതമായി അജഗണത്തെ വിശുദ്ധീകരിക്കുന്നതിനും നയിക്കുന്നതിനും പഠിപ്പിക്കുന്നതിനും എനിക്ക് ശക്തി തരണമെ.

നാളിതുവരെയുള്ള 25 വർഷത്തെ പൗരോഹിത്യ ശുശ്രൂഷയിൽ അധികാരികൾ, രൂപതയിലെ സഹോദരവൈദികർ, സമർപ്പിതർ, അല്മായ സഹോദരർ തുടങ്ങിയവർ എന്നെ സ്വന്തമായി കരുതി . ആയതിനാൽ ശുശ്രൂഷാരംഗത്ത് നാളിതുവരെ എനിക്ക് മുന്നോട്ടുപോകുവാൻ കഴിഞ്ഞു. രൂപതയിലെ ഇടയദൗത്യം ഏറ്റെടുത്തിരിക്കുന്ന ഈ നിമിഷത്തിൽ എന്റെ സഹോദരവൈദികരോടും സമർപ്പിത കൂട്ടായ്മയോടും അല്മായ സമൂ

ഹത്തോടും എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്, തുടർന്നും നിങ്ങൾ എന്നെ സ്വന്തമായി സ്വീകരിക്കണം. ഞാൻ ദൈവഹിതത്തിനനുസൃതമായി രൂപതയോട് പൂർണ്ണമായും വിശ്വസ്തത പുലർത്തുന്നതാണ്.

ഇത്തരുണത്തിൽ സാർവ്വത്രിക സഭയുടെ തലവനായ റോമായിലെ ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പയോടുള്ള എന്റെ വിധേയത്വം ഞാൻ പരസ്യമായി പ്രഖ്യാപിക്കട്ടെ. സീറോമലബാർ സഭയുടെ തലവനും പിതാവുമായ ശ്രേഷ്ഠ മെത്രാപ്പോലീത്തയോടും ഏറെ പിന്തുണ നല്കി കൊണ്ടിരിക്കുന്ന മെത്രാൻ സമിതിയോടും എന്റെ ആദരവും വിധേയത്വവും പ്രകടിപ്പിക്കട്ടെ.

ഇന്നുവരെ എന്നെ ഏല്പിച്ചിരുന്ന ഉത്തരവാദിത്വങ്ങൾ വേണ്ടവിധം നിർവ്വഹിക്കുവാൻ കഴിഞ്ഞത് എന്റെ വ്യക്തിപരമായ കഴിവുകൊണ്ടല്ല, പിന്നെയോ നല്ല കഴിവുള്ള സഹോദരവൈദികരുടെയും സമർപ്പിതരുടെയും അത്മായ സമൂഹത്തിന്റെയും കൂട്ടായ സഹകരണം കൊണ്ടാണ് എന്ന ഉറച്ച ബോധ്യം എനിക്കുണ്ട്. മെത്രാൻശുശ്രൂഷ ഏറ്റെടുത്തിരിക്കുന്ന എന്റെ ബലഹീന കരങ്ങളെ ശക്തിപ്പെടുത്തുവാൻ പ്രിയ സഹോദരവൈദിക സുഹൃത്തുക്കളേ, നിങ്ങളുടെ ആത്മാർത്ഥമായ സഹകരണം തുടർന്നും ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു. വിശ്വസ്തവും നിഷ്പക്ഷവും ആത്മാർത്ഥവുമായ ശുശ്രൂഷ നിർവ്വഹിക്കുവാൻ വൈദികരോടൊപ്പം പ്രിയ സമർപ്പിതരേ, അത്മായ സഹോദരരേ, നിങ്ങളുടെ നിർലോഭമായ പിന്തുണയും സമർപ്പണവും നല്കണമെയെന്ന് ഏറ്റവും സ്നേഹത്തോടെ ആവശ്യപ്പെടട്ടെ. പ്രിയ സഹോദരവൈദികരെ, സമർപ്പിതരെ, ദൈവജനമെ, ഞാൻ നിങ്ങളോടൊപ്പം ഉണ്ടാകും. നിങ്ങളും എന്നും കൂടെ ഉണ്ടാകണം.

പ്രിയമുള്ളവരേ, നമ്മുടെ രൂപതയുടെ വലിയ ഇടയൻ ജെയിംസ് പഴയാറ്റിൽ പിതാവ് തന്റെ കർത്തവ്യം വിശ്വസ്തതയോടെ 32 വർഷം നിർവ്വഹിച്ച് ശുശ്രൂഷാനിർവ്വഹണത്തിൽനിന്ന് ഔദ്യോഗികമായി വിരമിച്ച ഈയവസരത്തിൽ രൂപതയിലെ വൈദിക-സമർപ്പിത-വിശ്വാസസമൂഹത്തിന്റെ ഹൃദയം നിറഞ്ഞ സനേഹവും നന്ദിയും കടപ്പാടും അറിയിക്കട്ടെ. നേടിയെടുത്ത വിജ്ഞാനവും പ്രാർത്ഥനയിൽ കൊരുത്ത ജീവിതവിശുദ്ധിയും ത്യാഗത്തിലൂടെ ആർജ്ജിച്ചെടുത്ത പുണ്യങ്ങളും ഉൾക്കൊണ്ട് കൂട്ടായ്മയിൽ രൂപതയെ ഒന്നിപ്പിച്ച് ആത്മീയതയിൽ അദ്ദേഹം വളർത്തി. ഇരിങ്ങാലക്കുട രൂപതയുടെ വലിയ ഇടയനായ ജെയിംസ് പിതാവേ, ഞങ്ങളുടെ ഹൃദയം നിറഞ്ഞ നന്ദി. ദീർഘായുസ്സും നല്ല ആരോഗ്യവും സമൃദ്ധമായ ദൈവാനുഗ്രഹവും നേരുന്നതോടൊപ്പം പിതാവിന്റെ ശക്തമായ

പിന്തുണയും സഹകരണവും രൂപതയുടെ തുടർന്നുള്ള പ്രയാണത്തിൽ ഞാൻ അഭ്യർത്ഥിക്കുന്നു.

ഞങ്ങളുടെ സ്നേഹത്തിന്റെ, നന്ദിയുടെ, കടപ്പാടിന്റെ കൃതജ്ഞതാസ്മാരകമായി, ഏപ്രിൽ 18-ന് ഉദ്ഘാടനം ചെയ്യപ്പെട്ട Bless A Home പദ്ധതി ഞങ്ങൾ സമർപ്പിക്കുന്നു. നിസ്വരും നിരാലംബരും വിവിധ മതസ്ഥരുമായ അനേകായിരം കുടുംബങ്ങൾക്ക് ഈ പദ്ധതി അനുഗ്രഹപ്രദമാകുമെന്ന് പ്രത്യാശിക്കുന്നു.

ഏപ്രിൽ 18 അവിസ്മരണീയമാക്കുവാൻവേണ്ടി വലിയ കൂട്ടായ്മയുടെ കരുത്തും ഒരുമയുടെ ഊഷ്മളതയും ദൃശ്യമായിരുന്നു. ഹൃദയത്തിൽനിന്ന് ഉയിർക്കൊള്ളുന്ന സ്നേഹം നിറഞ്ഞ നന്ദി. അനാരോഗ്യം മൂലം സന്നിഹിതനാകാൻ ആയില്ലെങ്കിലും പ്രാർത്ഥനാപൂർവ്വം അനുഗ്രഹിച്ച നമ്മുടെ ശ്രേഷ്ഠ മെത്രാപ്പോലീത്ത കാർഡിനൽ വർക്കി വിതയത്തിൽ പിതാവ്, ഒത്തിരി ഒത്തിരി പ്രോത്സാഹിപ്പിക്കുന്ന ക്ലീമിസ് ബാവാ തിരുമേനി, സഹോദരതുല്യം സ്നേഹിക്കുന്ന താഴത്തുപിതാവ്, എല്ലാം മികവുള്ളതാക്കാൻ നേതൃത്വം നല്കിയ ജെയിംസ് പിതാവ്, നിസ്വാർത്ഥമായ പിന്തുണ നല്കിക്കൊണ്ടിരിക്കുന്ന കല്ലറക്കൽ പിതാവ്, സഹകാർമ്മികത്വം കൊണ്ടും സാന്നിദ്ധ്യം കൊണ്ടും അനുഗ്രഹിച്ച മറ്റു പിതാക്കന്മാർ, വൈദികർ, സന്യസ്തർ, അല്മായർ, സിവിൽ അധികാരികൾ, ജനപ്രതിനിധികൾ, സാമുദായികപ്രതിനിധികൾ, മാധ്യമ പ്രവർത്തകർ എല്ലാവരോടും ഉള്ളു നിറഞ്ഞ നന്ദി.

ഒന്നിച്ചുനിന്ന് ആത്മീയശക്തി പ്രകടമാക്കിയ ഈ വലിയ കൂട്ടായ സംരംഭത്തിന് അരങ്ങത്തും അണിയറയിലും കഠിനാദ്ധ്വാനംകൊണ്ടും സഹകരണംകൊണ്ടും പ്രാർത്ഥനകൊണ്ടും സാന്നിദ്ധ്യം കൊണ്ടും സേവനം കൊണ്ടും അനുഗ്രഹിച്ച വൈദികർ, കമ്മിറ്റി ചെയർമാൻ, ജനറൽ കൺവീനർ, കൂരിയ അംഗങ്ങൾ, വികാരിയച്ചന്മാർ, സമർപ്പിതർ, അത്മായ സുഹൃത്തുകൾ എന്നു തുടങ്ങി എല്ലാവരോടും നന്ദി.

എനിക്കുവേണ്ടി ഒരുപാട് പ്രാർത്ഥിച്ചവരാണ് നിങ്ങൾ. തുടർന്നും നിങ്ങൾ എനിക്കുവേണ്ടി, രൂപതയ്ക്കുവേണ്ടി, വൈദികർക്കുവേണ്ടി, സമർപ്പിതർക്കുവേണ്ടി, അത്മായർക്കുവേണ്ടി, നാനാജാതി മതസ്ഥരായവർക്കുവേണ്ടി പ്രാർത്ഥിക്കണം. ആത്മീയതയിൽ നേതൃത്വം നല്കുവാൻ, സാമൂഹിക പ്രതിബദ്ധതയോടെ വർത്തിക്കുവാൻ മാനുഷിക സാഹോദര്യം വളർത്തുവാൻ പ്രാർത്ഥിക്കണം. സത്യത്തിന്റെ വചനം ഉചിതമായി കൈകാര്യം ചെയ്തുകൊണ്ട് അഭിമാനിക്കുവാൻ അവകാശമുള്ള വേലക്കാരനായി ദൈവതിരുമുമ്പിൽ അർഹതയോടെ പ്രത്യക്ഷപ്പെടാൻ നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കണേ.

മാർ തോമാശ്ലീഹയിൽ നിന്നും തലമുറകളിലൂടെ കൈവന്ന യഥാർത്ഥ ക്രിസ്തീയ വിശ്വാസം (എന്റെ കർത്താവെ, എന്റെ ദൈവമേ യോഹ. 20:28) കരുതലോടെ കാത്തു സൂക്ഷിക്കാനും യഥോചിതം പരി പോഷിപ്പിക്കാനും നമുക്ക് പരിശ്രമിക്കാം. "എന്റെ ഏറ്റവും എളിയ സഹോദരരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്തുകൊടുത്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തത്" (മത്താ. 25:40) എന്ന ഗുരുവചനത്തിന്റെ സ്മര ണയിൽ പാവപ്പെട്ടവരോടും പാർശ്വവൽക്കരിക്കപ്പെട്ടവരോടും കരുണാർ ദ്രസ്നേഹത്തോടെ കർമ്മപദ്ധതികൾ ആവിഷ്ക്കരിക്കാനും തദ്വാരാ "എല്ലാവർക്കും എല്ലാം ആയിത്തീരുവാനും" (1 കൊറി. 9:22) നമുക്ക് കഴിയട്ടെ.

ഇരിങ്ങാലക്കുട **മാർ പോളി കണ്ണൂക്കാടൻ**
26. 04. 2010 ഇരിങ്ങാലക്കുട രൂപത മെത്രാൻ

## ദൈവശാസ്ത്ര കോഴ്സ്

പാലാരിവട്ടം പി.ഒ.സി.യിൽ 2010-11 അധ്യയനവർഷത്തെ 'ഏക വർഷ ദൈവശാസ്ത്ര റസിഡൻഷ്യൽ ഡിപ്ലോമ കോഴ്സ് 2010 ജൂൺ 15ന് ആരംഭിക്കുന്നു. ദൈവശാസ്ത്രം, ബൈബിൾ, ആധ്യാത്മികത, മതബോധനം, മാധ്യമപരിശീലനം, സംഘടനാപ്രവർത്തനം, നേതൃത്വ കല, വ്യക്തിത്വ വികാസം എന്നിവ മുഖ്യ വിഷയങ്ങളാക്കി നടത്തുന്ന ഈ കോഴ്സിൽ ഓരോ വിഷയത്തിലും പ്രാവീണ്യം നേടി യിട്ടുള്ളവർ ക്ലാസ്സുകൾ നയിക്കുന്നു. സമഗ്രമായ പരിശീലനമാണ് ഈ കോഴ്സി ന്റെ ലക്ഷ്യം. കോഴ്സ് പൂർത്തിയാക്കുന്നവർക്ക് ആലുവ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെയും കാലിക്കറ്റ് സർവ്വക ലാശാലയുടെയും ഡിപ്ലോമ ലഭിക്കുന്നു. NCVT സർട്ടിഫിക്കറ്റിനർഹ മായ കംപ്യൂട്ടർ പരിശീലനവും നൈപുണ്യ ഇന്റർനാഷണലിന്റെ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ക്ലാസ്സുകളും ഇതോടൊപ്പം നൽകുന്ന താണ്. 17നും 35നും മധ്യേ പ്രായമുള്ളവരും പ്ലസ്ടു വിദ്യാഭ്യാസം എങ്കിലും പൂർത്തിയാക്കിവരുമായ എല്ലാവർക്കും അപേക്ഷിക്കാവു ന്നതാണ്. അർഹരായ അല്മായർക്ക് ഫീസിൽ സമ്പൂർണ്ണമായ ഇളവും സന്യസ്തർക്കു ഭാഗികമായ ഇളവും ലഭിക്കുന്നതാണ്. പൂരി പ്പിച്ച അപേക്ഷാഫോറം 2010 മെയ് 31നു മുൻപ് ഓഫീസിൽ ലഭിച്ചി രിക്കണം. കോഴ്സിനെക്കുറിച്ചുള്ള വിശദവിവരങ്ങൾക്ക് പി.ഒ.സി. യുമായി ബന്ധപ്പെടുക. ഫോൺ : 0484 - 2805722, 2805815

# കച്ചേരികാര്യങ്ങൾ

1. **പ്രസ്ബിറ്ററിയം – മെയ് 6 :** അഭിവന്ദ്യ പോളി പിതാവിന്റെ നേതൃത്വത്തിലുള്ള ആദ്യ വൈദിക സമ്മേളനം 2010 മെയ് 6 വ്യാഴാഴ്ച കാലത്ത് 10 മണി മുതൽ ഉച്ചകഴിഞ്ഞ് 2 മണി വരെ. അഭിവന്ദ്യ ജെയിംസ് പിതാവും സന്നിഹിതനായിരിക്കും. എല്ലാ രൂപതാ വൈദികരും കൃത്യസമയത്തു എത്തിച്ചേരുമല്ലോ.
2. **മാസധ്യാനം:** മെയ് മാസത്തേത് അതാത് ഫൊറോനകളിൽ വച്ചായിരിക്കും.
3. **വൈദിക വസ്ത്രസ്വീകരണം**: തത്വശാസ്ത്രപഠനവും ഒരു വർഷത്തെ റീജൻസിയും പൂർത്തിയാക്കിയതിനുശേഷം നമ്മുടെ ഏഴ് ബ്രദേഴ്സ് സമർപ്പണത്തിന്റെ പ്രതീകമായ വൈദികവസ്ത്രം മെയ് 8-ാം തിയ്യതി ശനിയാഴ്ച ഉച്ചതിരിഞ്ഞ് 2.30ന് സെന്റ് പോൾസ് മൈനർ സെമിനാരി ചാപ്പലിൽവച്ച് സ്വീകരിക്കുന്നതാണ്. അവർക്കു വേണ്ടി പ്രത്യേകം പ്രാർത്ഥിക്കാം. **ബ്രദേഴ്സ് :** ജോഫിൻ കാപ്പിൽ (ലൂർദ്ദ്പുരം), സെബി കൂട്ടാലപറമ്പിൽ (അമ്പഴക്കാട്), ലിന്റൊ പനംകുളം (പറപ്പൂക്കര), എബിൻ പയ്യപ്പിള്ളി (പുത്തൻവേലിക്കര), ബിനോജ് തെക്കേക്കര (മേലഡൂർ), മെഫിൻ തെക്കേക്കര (മേലഡൂർ), നൗജിൻ വിതയത്തിൽ (കൊടകര)
4. **തെരട്ട് ഫീസ്:** 2008-09 ലെ തെരട്ട്ഫീസ് അടയ്ക്കാത്ത ചുരുക്കം ചില പള്ളികളുണ്ട്. ഈ വർഷത്തെ തെരട്ട് കൊണ്ടുവരുന്നതിനു മുൻപ് കണക്കുകൾ തീർക്കുമല്ലോ. (മാർച്ച് മാസത്തെ ബുള്ളറ്റിൻ കാണുക).

5 **വാർഷികധ്യാനം:** ഈ വർഷം വൈദികരുടെ ധ്യാനം ജൂൺ മാസത്തിൽ PACS ൽ വച്ച് നടത്തപ്പെടുന്നു. 1st Batch ജൂൺ 7 മുതൽ 11 വരെയും, 2nd Batch ജൂൺ 14 മുതൽ 18 വരെയുമായിരിക്കും. ധ്യാനഗുരു: മാർ ലോറൻസ് മുക്കുഴി, ബൽത്തങ്ങാടി രൂപത. ഓരോ ബാച്ചിലും പങ്കെടുക്കുന്നവരുടെ ലിസ്റ്റ് **പേജ് 22ൽ കൊടുത്തിട്ടുണ്ട്.**

5. **ബൈബിൾ ഞായർ :** ഈ വർഷത്തെ ബൈബിൾ ഞായർ 2010 ജൂൺ മാസം 20-ാം തിയ്യതിയാണ് ആചരിക്കുന്നത്

ഇരിങ്ങാലക്കുട
26. 04. 2010

**ഫാ. വിൻസന്റ് ആലപ്പാട്ട്**
വികാരി ജനറാൾ

Prot.No. 60/2010

# MAJOR ARCHIEPISCOPAL LETTER OF CANONICAL PROVISION

VARKEY CARDINAL VITHAYATHIL, THE MAJOR ARCHBISHOP OF THE SYRO-MALABAR CHURCH sends his paternal Blessings to you, REV. FR. PAULY KANNOOKADAN, a priest belonging to the eparchy of Irinjalakuda, at present working as the Executive Director of the Syro-Malabar Liturgical Research Centre and as the Secretary of the Commission for Liturgy and that of Clergy and Institutes of Consecrated Life at the Major Archiepiscopal Curia and who, having obtained the prior assent of the Holy Father, has been elected by the Synod of Bishops of the Syro-Malabar Church in the first Session of the XVIII Synod Bishop of Irinjalakuda, following the acceptance of resignation from office by Bishop James Pazhayattil, the present Bishop, as required by CCEO c. 210 §1, *nunc pro tunc*, i.e. to be effective until the successor assumes office. Bishop James Pazhayattil who was appointed as the first bishop of Irinjalakuda on 22 June 1978, has worked with great dedication and sacrifice for the spiritual growth and temporal developments of the eparchy for about 32 years. I place on record the appreciation and gratitude of the entire Syro-Malabar Church for the great service of Bishop Mar James Pazhayattil. You as a person of exemplary priestly qualities with adequate intellectual formation, administrative experience and spiritual depth have been chosen to be the successor of Bishop James Pazhayattil as the Bishop of Irinjalakuda.

Therefore, in virtue of CCEO c. 86 § 1, $1^0$ and by the authority vested in me as the Major Archbishop of the Syro-Malabar Major Archiepiscopal Church to provide the people of God entrusted to my care with pastors and efficient systems of governance, and guided by the consideration of the good of the faithful of the eparchy of Irinjalakuda and of the entire Syro-Malabar Church, I, Varkey Cardinal Vithayathil, the Major Archbishop of the Syro-Malabar Church, hereby appoint you as BISHOP OF THE EPARCHY OF IRINJALAKUDA. You are to be ordained bishop in accordance with CCEO c. 187§2 and c. 188 and take canonical possession of

your office in accordance with CCEO c. 189. Commenting you to Our Lord, the Master Shepherd and praying that through the intercession of Mary our Mother and St. Thomas, our Apostle you may in close communion with the entire clergy and faithful of the eparchy of Irinjalakuda, fulfil the duties of your office as “an example in speech and conduct, in love, in faith, in purity”(1Tim 4,12), I send you, my hearty congratulations and prayerful good wishes.

All contrary dispositions not withstanding.

Given at Kakkanad from the Syro-Malabar Major Archiepiscopal Curia at Mount St. Thomas on 18th day of the month of January of the year 2010 under my seal and signature.





**Fr. Antony Kollannur**
Chancellor
Major Archiepiscopal Curia

**Varkey Cardinal Vithayathil**
Major Archbishop of the
Syro-Malabar Church

---

## ഈ മാസം പിറന്നാളും തിരുനാളും ആഘോഷിക്കുന്ന വൈദികർ

**Birth Days**

May 01.Rev. Fr. Vincent Parayil
02. Rev. Fr. Joshy Paliakkara
06. Rev. Fr. Varghese Malieckal
06. Rev. Fr. Jijo Thundathil
07. Rev. Fr. Johnson G. Alappat
10. Rev. Fr. Freejo Parackal
12. Rev. Fr. Thomas Alukka
14. Rev. Fr. Sebastian Panjikaran
15. Rev. Fr. Plogen Kannampuzha
15. Rev. Fr. George Plassery
15. Rev. Fr. Jijo Pallai
19. Rev. Fr. Seby Kolangara
19. Rev. Fr. Shaju Kachappilly
21. Rev. Fr. Suresh Pudussery
22. Rev. Fr. Joju Kokkatt
23. Rev. Fr. Francis Kodiyan
24. Rev. Fr. Davis Kudiyirickal
24. Rev. Fr. Jaison Kudiyirickal
24. Rev. Fr. Rejoy Pazhayattil
27. Rev. Fr. Johnson Tharayil
28. Rev. Fr. Joji Palamattath
29. Rev. Fr. George Kalan
30. Rev. Fr. Jose Pazhayattil
31. Rev. Fr. Joseph Kanamkudam
31. Rev. Fr. Davis Thattil

**Feast Days**

May 16
Rev. Fr. Johnson G. Alappat
Rev. Fr. Joy Alappat

*ഏവർക്കും ഹൃദ്യമായ മംഗളാശംസകൾ!*

## CONGREGATIO
## PRO ECCLESIIS ORIENTALIBUS

Prot. N. 79/2001

## MESSAGE

For the Episcopal Ordination of His Excellency the Most Rev. Dr. Pauly Kannookadan, and a Farewell Tribute to his. His Excellency the Most Rev. Dr. James Pazhayattil

I am very happy to provide a Message in honor both of the Episcopal Consecration of your new Ordinary, the Most Rev. Dr. Pauly Kannookadan and in Tribute to his predecessor, the Most Rev. Dr. James Pazhayattil. Both are truly good servants of the Syro-Malabar Church and example for all of us of a legacy of confidence and hope in the future which that Church represents.

To Bishop Pazhayattil I offer the profound appreciation of the Congregation for Eastern Churches for his exemplary record of thirty –two years of being the shepherd of the Eparchy of Irinjalakuda. He has undertaken his responsibility with diligence and dedication. Moreover he has been exemplary in contributing his practical wisdom to the role of Assistant to the Major Archbishop between 1995 and 1997, as well as thereafter being a substitute member of the permanent Synod of the Syro-Malabar Church. In addition, he accepted to be chairman of the Commission for Clergy and the Institutes of Consecrated Life, as well as a member of the K.C.B.C. Commission for Labor. In all these duties as well as with many more in association with his Eparchy, Bishop Pazhayattil showed that he is guided by the Lord's Spirit of self -sacrifice. Again, our thanks to Bishop Pazhayattil. And to Bishop Kannookadan, may I likewise extend congratulations as you are ordained to the episcopacy and are enthroned as bishop of Irinjalakuda. Your record of prior accomplishment, not only as a scholar of outstanding competence, but as a parochial vicar, seminary vice rector, Assistant Director of the Better Life Movement, the founder of a Crisis Intervention Centre, Notary of the Synod of Bishops, etc., demonstrate that you are familiar with the current moral problems

related to the family, to youth and to over all society. These experiences will definitely prepare you for ministry as the spiritual leader of your noble and deserving Christian flock.

This past March 13, Pope Benedict XVI met with a group of visiting bishops. His counsel to them is worthy to be recalled on this occasion. For the Holy father gave a reminder that a bishop is meant always to be a herald of the gospel. But, as such a herald, he is to be a role model for how to enable each and every person to “live in dignity and self–esteem”. He is to be an instrument for the furtherance of peace.

May our Blessed Mother guide you, new bishop and emeritus, And May she intercede for the Eparchy of Irinjalakuda this day and forever.

**Leornado Card.Sandri**
Prefect

**Cyril Vasil, S.J.**
Archbishop Secretary

Vatican City
March 27 2010

## ചരിത്ര ഗ്രന്ഥം

1 **“ഇരിങ്ങാലക്കുട രൂപത :** ചരിത്രത്തിലൂടെ” എന്ന ഗ്രന്ഥം വിതരണത്തിന് തയ്യാറായിരിക്കുന്നു. രൂപതയുടെ ഫിനാൻസ് ഓഫീസിൽ അഡ്വാൻസ് സംഖ്യ അടച്ച് നേരത്തെ ബുക്ക് ചെയ്തിട്ടുള്ളവർക്ക് ബാക്കിസംഖ്യ നൽകി പുസ്തകം വാങ്ങാവുന്നതാണ്.

2 ചരിത്രഗ്രന്ഥ രചനയ്ക്ക് സഹായകമായി ഫോട്ടോകൾ, സി. ഡി. കൾ, സുവനീറുകൾ എന്നിവ ഹിസ്റ്ററി കമ്മീഷന്റെ ഓഫീസിൽ ഏല്പിച്ചിട്ടുള്ളവർ മെയ് 4, 6 തിയ്യതികളിൽ ഇവിടെനിന്ന് തിരികെ വാങ്ങാൻ ശ്രദ്ധിക്കുക. ഏറെ താമസിയാതെ ഓഫീസിന്റെ പ്രവർത്തനം അവസാനിപ്പിക്കുന്നതാണ്. സഹായസഹകരണങ്ങൾ നൽകിയ എല്ലാവർക്കും ഒരിക്കൽക്കൂടി നന്ദി രേഖപ്പെടുത്തുന്നു.

**ഫാ. ജോജോ തൊടുപറമ്പിൽ**
സെക്രട്ടറി

**ഫാ. ആന്റണി മഞ്ഞളി**
ചെയർമാൻ

# നന്ദിയോടെ....

## A.M.D.G.

2010 ഏപ്രിൽ 18-ലെ ഭക്തിസാന്ദ്രവും ഹൃദയസ്പർശിയും അതിമനോഹരവുമായ തിരുക്കർമ്മങ്ങളിലും തുടർന്നുള്ള പൊതു സമ്മേളനത്തിലും പങ്കുകൊണ്ട് ഞാനും പോളിപിതാവും ഏതാനും വൈദികരും സന്യസ്തരും അത്മായസഹോദരങ്ങളും വൈകിട്ട് 8 മണിക്ക് രൂപതാഭവനത്തിൽ വന്നു. എന്റെ പിൻഗാമിയായ പോളി പിതാവിന് പൂച്ചെണ്ട് നൽകി സ്വീകരിച്ച് രൂപതാ ഭവനത്തിലേക്ക് സ്വാഗതമോതി. ദേവാലയത്തിൽ പ്രവേശിച്ച് ഞങ്ങൾ എല്ലാവരും എല്ലാറ്റിനും ദൈവത്തിന് നന്ദി പറഞ്ഞു. അനന്തരം ഞങ്ങൾ ഊട്ടുശാലയിലെത്തി. കുടുംബത്തലവ നെന്ന നിലയിൽ വർഷങ്ങളായി ഞാൻ ഇരുന്ന ആ കസേരയിൽ ഇരുന്നു. ബാക്കിയുള്ളവരും ഊട്ടുമേശയ്ക്കരികിൽ എത്തിയപ്പോൾ അന്ത്യ അത്താഴത്തിന് ഊട്ടുശാലയിലെത്തിയ ഈശോയുടെയും ശിഷ്യരുടെയും പ്രതീതിയായി. സ്നേഹബന്ധത്തിന്റെ ഊഷ്മളത അരക്കിട്ടുറപ്പിച്ച് ഊട്ടുശാലയിൽനിന്ന് ഒരുപിടി ഓർമ്മകളുമായി ഞാൻ എന്റെ മുറിയിലെത്തി. ഹൃദയസ്പർശിയായ അനേകം കണ്ടുമുട്ടലുകൾക്ക് സാക്ഷ്യം വഹിച്ച ആ മുറിയിലൂടെ നടന്ന് ഒന്നുകൂടി എല്ലാം വീക്ഷിച്ചു. പുറത്തിറങ്ങി മുറിപൂട്ടി താക്കോൽ പോളിപിതാവിന് കൈമാറി.

പടികളിറങ്ങി രൂപതാഭവനത്തിൽ നിന്ന് എന്റെ ഇപ്പോഴത്തെ താമസസ്ഥലമായ രൂപതമൈനർ സെമിനാരിയിൽ വൈകുന്നേരം 9.30ന് എത്തി. കപ്പേളയിൽ കയറി പ്രാർത്ഥിച്ചു. എനിക്കായി സജ്ജമാക്കിയ മുറികൾ വെഞ്ചിരിച്ചു. എല്ലാവരും നന്ദി പറഞ്ഞ് സന്തോഷത്തോടെ പിരിഞ്ഞു. എന്റെ മുറിയിൽ പ്രതിഷ്ഠിച്ചിരുന്ന തിരുഹൃദയത്തിന്റെ മുമ്പിൽ ഏകാന്തനായി ശാന്തതയിൽ ഇരുന്നപ്പോൾ മനസ്സിലൂറിയ നന്ദിയുടെ, സ്നേഹത്തിന്റെ, കടപ്പാടിന്റെ വാക്കുകൾ ഇവിടെ കുറിക്കട്ടെ.

ഇരിങ്ങാലക്കുട രൂപതയെ സംബന്ധിച്ചിടത്തോളം അതിപ്രധാന മായ ഒരു സുദിനമായിരുന്നു 2010 ഏപ്രിൽ 18, ഞായറാഴ്ച. 1978 ൽ നവമായി രൂപം കൊണ്ട ഈ രൂപതയെ ദൈവവും സഭാനേതൃത്വവും എന്റെ കൈകളിലേൽപിച്ചു. രൂപതയുടെ പ്രഥമ മെത്രാനായ ഞാൻ ഏതാണ്ട് 32 കൊല്ലം മെത്രാനടുത്ത ഔദ്യോഗിക ശുശ്രൂഷ വിശ്വസ്തതാ പൂർവ്വം വിശ്രമമറിയാതെ നിർവ്വഹിച്ചു. ആ ശുശ്രൂഷ എന്റെ പിൻഗാമിയും രൂപതയുടെ ദ്വിതീയ മെത്രാനുമായ പോളി കണ്ണൂക്കാടൻ പിതാവിനെ അനേകായിരങ്ങളെ സാക്ഷിയാക്കി ഏല്പിച്ചു. രൂപതയുടെ സാരഥ്യം ഏറ്റെടുത്ത പോളി പിതാവിനെ അഭിഷേകം ചെയ്യാനുള്ള ഭാഗ്യവും

എനിക്കുണ്ടായി. മെത്രാഭിഷേകവും സ്ഥാനാരോഹണവും വിടവാങ്ങലും ഏറ്റവും മനോഹരവും അനുഗ്രഹദായകവും അവിസ്മരണീയവുമാക്കാൻ ശ്രമിച്ച, സഹകരിച്ച ഏവരുടേയും പ്രാർത്ഥനയും ത്യാഗവും ശുശ്രൂഷയും സന്മനസ്സും സാന്നിദ്ധ്യവും ഫലപ്രദമായി എന്നെന്നും അനുസ്മരിക്കേണ്ട ചരിത്ര സംഭവത്തിന് നമ്മൾ സാക്ഷികളുമായി. അഭിവന്ദ്യപിതാക്കന്മാർ, വന്ദ്യവൈദികർ, ബഹു. സന്യസ്തർ, അല്മായസഹോദരങ്ങൾ, വിവിധ മതനേതാക്കൾ, ജനപ്രതിനിധികൾ എന്നിവരുടെ മഹനീയ സാന്നിധ്യം എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുന്നു.

പരിശുദ്ധ പിതാവിനോടും, പൗരസ്ത്യതിരുസംഘത്തോടും, ഡൽഹിയിലെ ന്യൂൺഷ്യേച്ചറോടും, നമ്മുടെ സഭയുടെ മേജർ ആർച്ച് ബിഷപ്പ് അത്യുന്നത കർദ്ദിനാൾ വർക്കി പിതാവിനോടും, സീറോമലബാർ സിനഡിലെ പിതാക്കന്മാരോടും എനിക്കുള്ള കടപ്പാടും നന്ദിയും വാക്കുകൾക്കതീതമാണ്.

എല്ലാം കൊണ്ടും അനുയോജ്യനായ ഒരു പുതിയ മെത്രാനെ നമുക്ക് ലഭിച്ചതിൽ ദൈവത്തിന് നന്ദി പറയാം. അഭിവന്ദ്യനായ പോളി കണ്ണൂക്കാടൻ പിതാവ് നീണാൾ വാഴട്ടെ. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ രൂപതയ്ക്ക് സർവ്വവിധ പുരോഗതിയും ദൈവത്തിന്റെ ഉപരിമഹത്വവും, ദൈവജനത്തിന്റെ ഉപരിനന്മയും സംജാതമാകട്ടെ. അദ്ദേഹത്തോടുള്ള ആദരവും വിധേയത്വവും സ്നേഹവും സഹകരണവും നമുക്ക് വാഗ്ദാനം ചെയ്യാം.

ഏപ്രിൽ 18-ലെ ആരവവും ആഘോഷവും കടന്നുപോകുമെന്ന് നമുക്കറിയാം. ആയതിനാൽ, ഈ ദിനത്തിന്റെ സ്മരണ ശാശ്വതമാക്കാൻ, നിലനിർത്താൻ രൂപം കൊടുത്ത "Bless a Home"എന്ന പ്രോജക്റ്റ് വിജയിപ്പിക്കാൻ ആത്മാർത്ഥമായി സംഭാവന നൽകി സഹകരിക്കുന്ന സർവ്വരേയും കൃതജ്ഞതയോടെ സ്മരിക്കുന്നു. തുടർന്നും ഏവരുടേയും ത്യാഗനിർഭരവും ഔദാര്യപൂർണ്ണവുമായ സഹകരണം ഞാൻ അഭ്യർത്ഥിക്കുന്നു.

ഇരിങ്ങാലക്കുട രൂപത ഇന്നത്തെ അവസ്ഥയിൽ എത്തിയത് ദൈവപരിപാലനയുടെ അത്ഭുതപ്രതിഭാസമെന്നേ പറയാനാകൂ. ദൈവം രൂപതയിലും എന്റെമേലും വർഷിച്ച അനുഗ്രഹങ്ങൾ എണ്ണമറ്റതാണ്. അതോർക്കുമ്പോൾ രൂപതയ്ക്കകത്തും പുറത്തുമുള്ള ബഹുമുഖങ്ങൾ വെള്ളിത്തിരയിലെന്നപോലെ മനസ്സിൽ തെളിയുന്നു. അവരെയെല്ലാം നന്ദിയോടെ ഓർക്കുന്നു. രൂപതാദ്ധ്യക്ഷൻ എന്ന പദവിയിൽനിന്ന് ഔദ്യോഗികമായി ഞാൻ വിരമിച്ചു. നാളിതുവരെ എന്നെ സ്നേഹിച്ച, എന്നോട് സഹകരിച്ച സർവ്വരോടും എനിക്ക് കടപ്പാടുണ്ട്. തുടർന്നും എന്റെ പ്രാർത്ഥനയും ആശീർവ്വാദവും ശുശ്രൂഷയും ഉണ്ടാകും.

വിശ്വാസത്തിൽ അധിഷ്ഠിതമായ സ്നേഹസമൂഹമായി മുന്നേറണം നമ്മുടെ രൂപത. സാമൂഹ്യ പ്രതിബദ്ധതയോടുകൂടിയുള്ള പ്രവർത്തനം അത്യന്താപേക്ഷിതമാണ്. നാളിതുവരെ രൂപതയെ പടുത്തുയർത്തുന്നതിൽ കാര്യമായ സഹകരണം കാഴ്ചവച്ച എല്ലാപിതാക്കന്മാരെയും വൈദികരെയും സന്യസ്തരെയും അല്മായ സുഹൃത്തുക്കളെയും മറ്റുള്ളവരെയും കൃതജ്ഞതയോടെ സ്മരിക്കുന്നു. ബഹു. ജനറാളച്ചന്മാർ, രൂപതാകാര്യാലയ അംഗങ്ങൾ, ട്രൈബ്യൂണൽ അംഗങ്ങൾ, കത്തീഡ്രൽ വികാരിയച്ചന്മാർ, കൈക്കാരന്മാർ, ഫൊറോനാ വികാരിമാർ, ആലോചനാ സമിതി അംഗങ്ങൾ, പ്രെസ്ബിറ്ററൽ കൗൺസിൽ അംഗങ്ങൾ, പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, രൂപതാ അസംബ്ലികൾക്ക് നേതൃത്വം കൊടുത്തവർ, രൂപതയിലെ വ്യത്യസ്ത ഇടവകകൾ, സ്ഥാപനങ്ങൾ, പ്രസ്ഥാനങ്ങൾ, സംഘടനകൾ, സംരംഭങ്ങൾ എന്നിവയ്ക്ക് നേതൃത്വം നൽകിയവർ, എല്ലാം വിജയിപ്പിക്കാൻ ത്യാഗം സഹിച്ചവർ, സംഭാവന നൽകിയവർ, രൂപതാ മന്ദിരത്തിൽ ശുശ്രൂഷ നൽകിയവർ, മദ്രാസ് മിഷൻ പ്രവർത്തനങ്ങൾ വിജയിപ്പിക്കാൻ അത്യദ്ധ്വാനം കാഴ്ചവച്ചവർ, എല്ലാവരെയും ദൈവം അനുഗ്രഹിച്ച് പ്രതിസമ്മാനിക്കട്ടെ. “ഇരിങ്ങാലക്കുട രൂപത ചരിത്രത്തിലൂടെ” എന്ന ഗ്രന്ഥരചനയ്ക്ക് നേതൃത്വം നൽകിയ ബഹു. ഡോ. ആന്റണി മഞ്ഞളിയച്ചനും കൂട്ടർക്കും നന്ദി.

ഏപ്രിൽ 18 ലെ തിരുക്കർമ്മങ്ങൾ വിജയിപ്പിക്കാൻ പ്രത്യേകം ശ്രദ്ധിച്ച അഭിവന്ദ്യ പോളിപിതാവിനും, ജനറാളച്ചൻ മോൺ. വിൻസെന്റ് ആലപ്പാട്ടച്ചനും, കത്തീഡ്രൽ വികാരി പെ. ബഹു. സെബാസ്റ്റ്യൻ ഈഴേക്കാടനച്ചനും, ജനറൽ കൺവീനറായി പ്രവർത്തിച്ച ബഹു. ജോയ് പാല്യേക്കര അച്ചനും, “Bless a Home Project ”ന് ഉത്സാഹിച്ച ബഹു. ജോസ് പാലാട്ടിയച്ചനും വിവിധ കമ്മിറ്റികളുടെ കൺവീനർമാർക്കും, സന്യസ്ത അല്മായ പ്രതിനിധികൾക്കും ഒരിക്കൽ കൂടി നന്ദി പറയുന്നു. സെമിനാരിയിലെ എന്റെ താമസത്തിന് എല്ലാ സൗകര്യങ്ങളും ചെയ്തുതന്ന സർവ്വർക്കും നന്ദി പറയുന്നു. പരസ്പരം പ്രാർത്ഥിക്കാം. ദൈവം തന്റെ പരിപാലനയാൽ നമ്മെ നയിക്കട്ടെ. ഈശോയുടെ തിരുഹൃദയത്തിന് അനുയോജ്യമായ ഹൃദയവും ജീവിതവും കാഴ്ച വയ്ക്കാൻ നമുക്ക് പ്രതിജ്ഞാബദ്ധരാകാം. എല്ലാം ദൈവഹിതം പോലെ ഭവിക്കട്ടെ. എല്ലാതലങ്ങളിൽനിന്നും പ്രാർത്ഥനയും സഹകരണവും തുടർന്ന് പ്രതീക്ഷിക്കുകയും അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

**മാർ ജെയിംസ് പഴയാറ്റിൽ**

---

അഭിവന്ദ്യ ജെയിംസ് പിതാവിന്റെ ഈ നന്ദി കുറിപ്പ് മെയ് 9 ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്. ✞ P. K.

# മാർ പോളി കണ്ണൂക്കാടൻ പിതാവിന്റെ ഔദ്യോഗിക മുദ്രയുടെ (Coat of Arms) ഉള്ളടക്കം

1 മെത്രാനെ സൂചിപ്പിക്കുന്ന തൊപ്പിയും അതിനോടു ചേർന്നുള്ള റിബണുകളും

2 12 ശ്ലീഹന്മാരുടെ പ്രതീകമായ 12 നക്ഷത്രങ്ങൾ (ഉജ്ജ്വല താരങ്ങൾ)

3 ബൈബിളിലെ തിരുവചനങ്ങൾ

I നമ്മുടെ പിതാവായ മാർ തോമാശ്ലീഹാ, ഉത്ഥിതനായ ഈശോമിശിഹായെ കണ്ടപ്പോൾ നടത്തിയ വിശ്വാസ പ്രഖ്യാപനം "മാർ വാലാഹ്" - എന്റെ കർത്താവും എന്റെ ദൈവവും (യോഹ. 20:28)

II ശ്ലൈഹിക ശുശ്രൂഷക്ക് മാതൃകയായ വി. പൗലോസ് ശ്ലീഹായുടെ ആദർശ സൂക്തം - Omnibus Omnia fieri - "എല്ലാവർക്കും എല്ലാം ആയിത്തീരാൻ" (1 കൊറി 9:22)

4 ശ്ലൈഹിക ശുശ്രൂഷയുടെ ആദർശ വാക്യം (Motto) "എളിയവരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്തു കൊടുത്തപ്പോൾ എനിക്ക് തന്നെയാണ് നിങ്ങൾ ചെയ്തത്" (മത്താ. 25:40)

5 കൽക്കുരിശ് - മാർ തോമാ ക്രിസ്ത്യാനികളുടെ ഉത്ഭവത്തിലും വളർച്ചയിലും ഈ രൂപതയ്ക്കുള്ള പ്രാധാന്യത്തെ സൂചിപ്പിക്കുന്നു.

6 പ്രാവ് - ശ്രുശ്രൂഷയിലുള്ള പരിശുദ്ധാത്മാവിന്റെ പ്രചോദനത്തിന്റെ പ്രതീകം

7 വൃത്താകൃതി - സമസ്ത ലോകത്തിന്റെയും നേർക്കുള്ള പൈതൃക സ്നേഹത്തെ ദ്യോതിപ്പിക്കുന്നു.

8 തിരുഹൃദയം - ഈ രൂപത ഈശോയുടെ തിരുഹൃദയത്തിന് പ്രതിഷ്ഠിതമാണെന്ന് അനുസ്മരിപ്പിക്കുന്നു.

## പ്രസ്ബിറ്ററിയം

അഭിവന്ദ്യ പോളി പിതാവിന്റെ നേതൃത്വത്തിലുള്ള ആദ്യവൈദിക സമ്മേളനം 2010 മെയ് 6 വ്യാഴാഴ്ച കാലത്ത് 10 മണി മുതൽ ഉച്ചകഴിഞ്ഞ് 2 മണി വരെയാണ്. എല്ലാ രൂപതാ വൈദികരും കൃത്യ സമയത്തു എത്തിച്ചേരുക.

**ഫാ. വിൻസന്റ് ആലപ്പാട്ട്**
വികാരി ജനറാൾ

# നന്ദിയുടെ കുറിപ്പ്

2010 ഏപ്രിൽ 18 മറക്കാനാവാത്ത സുദിനമാക്കാൻ സഹായിച്ച, സഹകരിച്ച എല്ലാ സുമനസ്സുകളേയും നന്ദിയോടെ ഓർക്കുന്നു. ഔദ്യോഗികമായി വിടപറയും മുമ്പ് ഇരിങ്ങാലക്കുട രൂപതയിൽ യോഗ്യനായ ഒരു പിൻഗാമിയുണ്ടാകണമെന്ന് നമ്മുടെ ജെയിംസ് പിതാവിന് നിർബന്ധമുണ്ടായിരുന്നു. തനിക്കു സാക്ഷാത്ക്കരിക്കാൻ പറ്റാതെ പോയ സ്വപ്നങ്ങൾ സഫലമാക്കാൻ പോളിപിതാവിനെ കൈവച്ച് അനുഗ്രഹിച്ച് അഭിഷിക്തനാക്കിയ ജെയിംസ് പിതാവിന് നിറമനസ്സോടെ നന്ദി. രൂപതയ്ക്ക് പുതുപ്രതീക്ഷകളും നവ സ്വപ്നങ്ങളും നൽകി ആത്മീയനേതൃത്വം എറ്റെടുത്തിരിക്കുന്ന പോളി പിതാവിന് പ്രാർത്ഥനാനിർഭരമായ ആശംസകൾ.

32 കൊല്ലത്തെ പ്രധാന ഇടയനടുത്ത ശുശ്രൂഷയിലൂടെ ചരിത്രം സൃഷ്ടിച്ച പഴയാറ്റിൽ പിതാവ് അണിയറയിലേക്ക് പിൻമാറുകയും, ചരിത്രം സൃഷ്ടിക്കാൻ അനന്തരഗാമിയായി പോളിപിതാവ് രംഗത്ത് വരികയും ചെയ്തു. ഈ അസുലഭദിവസം നമ്മുടെ രൂപതയ്ക്കുവേണ്ടി പ്രാർത്ഥിക്കുവാൻ, നാമേവരേയും അനുഗ്രഹിക്കാൻ കടന്നുവന്ന എല്ലാ പിതാക്കന്മാരേയും, വന്ദ്യവൈദികരേയും, മറ്റെല്ലാ സമർപ്പിതരേയും വൈദിക വിദ്യാർത്ഥികളേയും, വിവിധ മതനേതാക്കൾ, മന്ത്രിമാർ ജനപ്രതിനിധികൾ, രാഷ്ട്രീയ - സാമൂഹ്യ - മാധ്യമ - പ്രവർത്തകർ, രൂപതയുടെ അമൂല്യസമ്പത്തായ അത്മായസഹോദരങ്ങൾ മറ്റു മതസ്ഥർ തുടങ്ങി ഏവരേയും കടപ്പാടുകളോടുകൂടെ ഓർക്കുന്നു. എല്ലാവർക്കും കരങ്ങൾ കൂപ്പി നന്ദി. നന്ദി.

2010 ജനുവരി 18 ന് പോളിപിതാവിനെ ദ്വിതീയ മെത്രാനായി പ്രഖ്യാപിച്ചതുമുതൽ ഏപ്രിൽ 18-ലെ മെത്രാഭിഷേക സ്ഥാനാരോഹണ കർമ്മങ്ങളും തുടർന്നുള്ള പൊതുസമ്മേളനവും ഹൃദ്യമായ അനുഭവമാക്കാൻ വിവിധങ്ങളായ കമ്മിറ്റികൾ സുസജ്ജമായി പ്രവർത്തനമാരംഭിച്ചു. പബ്ലിസിറ്റി, പ്രോഗ്രാം, ഇൻവിറ്റേഷൻ, റിസപ്ഷൻ ആന്റ് അക്കൊമഡേഷൻ, പന്തൽ ആന്റ് സ്റ്റേജ്, റിഫ്രഷ്മെന്റ്, ഡെക്കൊറേഷൻ, വളണ്ടിയേഴ്സ്, ലിറ്റർജി, ഗായകസംഘം, ശബ്ദം, വെളിച്ചം, സ്പിരിചൽ ആനിമേഷൻ,

ഫുഡ് & റിഫ്രെഷ്മെന്റ് പ്രസ് ആന്റ് മീഡിയ തുടങ്ങിയ കമ്മിറ്റികളുടെ കൺവീനർമാർ, മറ്റു ഭാരവാഹികൾ, സഹകരണം കാഴ്ച വെച്ചവർ തുടങ്ങിയ എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി. ജനറൽ കൺവീനറായിരുന്ന പെ. ബഹു. ജോയ് പാലേ്യക്കര അച്ചനും, സാമ്പത്തിക കാര്യങ്ങളുടെ ചുക്കാൻ പിടിച്ച പെ. ബഹു. ജോബി പൊഴോലിപറമ്പിലച്ചനും, മീറ്റിംഗുകളുടെ റിപ്പോർട്ടുകൾ എഴുതി അവതരിപ്പിച്ച ലിന്റോ കുറ്റിക്കാടനച്ചനും അകമഴിഞ്ഞ നന്ദി. കത്തീഡ്രൽ പള്ളിയും അങ്കണവും മനോഹരമാക്കാൻ സഹായിച്ച വെരി. റവ. ഫാ. സെബാസ്റ്റ്യൻ ഈഴേക്കാടനും കൊച്ചച്ചന്മാർക്കും കൈക്കാരന്മാർക്കും ഇടവകസമൂഹത്തിനും ഒത്തിരി നന്ദി. ഭക്തിനിർഭരമായി പ്രാർത്ഥനകൾ എഴുതുകയും ഗാനങ്ങൾ ആലപിക്കുകയും ചെയ്ത ഗായകസംഘം അന്തരീക്ഷത്തിന് ആത്മീയപരിവേഷം പകർന്നു. സാന്നിധ്യംകൊണ്ടും സജീവ പങ്കാളിത്തം കൊണ്ടും ഏപ്രിൽ 18 അവിസ്മരണീയമാക്കിയ സുമനസ്സുകളുടെ മുമ്പിൽ കൃതജ്ഞതയോടെ കരങ്ങൾ കൂപ്പുന്നു.

നിസ്വരും നിരാലംബരുമായവർക്കുവേണ്ടി ഏപ്രിൽ 18-ന് ഉദ്ഘാടനം ചെയ്ത “Bless a Home” ന് നേതൃത്വം കൊടുക്കുന്നവരേയും അതിന് അകമഴിഞ്ഞ് സഹായിക്കുന്നവരേയും ദൈവം കനിഞ്ഞ് അനുഗ്രഹിക്കട്ടെ. നിശബ്ദരുടെ ശബ്ദമാകാനുള്ള ഈ ക്ഷേമപദ്ധതി വളരെ കരുതലോടെ നമുക്ക് നെഞ്ചിലേറ്റാം.

മൂന്നു പതിറ്റാണ്ടിലേറെ ദീർഘിച്ച നിഷ്ക്കാമ ശുശ്രൂഷയിലൂടെ രൂപതയുടെ പ്രഥമ മെത്രാനായ ജെയിംസ് പിതാവ് രൂപതയുടെ തന്നെ ചരിത്രമായി. പിതാവേ, ഇരിങ്ങാലക്കുട രൂപത മുഴുവൻ അങ്ങയുടെ മുമ്പിൽ കൂപ്പു കൈകളോടെ നിൽക്കുന്നു. വിശ്വാസനിർഭരമായ ഒരു പുതിയ കാലം സൃഷ്ടിക്കാൻ പ്രതിബദ്ധതയോടെ ശുശ്രൂഷ നടത്തുന്ന അജഗണ നായകനാകാൻ പോളിപിതാവിന് സാധിക്കട്ടെ.

എല്ലാവർക്കും ഒരിക്കൽകൂടെ എല്ലാറ്റിനും നന്ദി.

**മോൺ. വിൻസെന്റ് ആലപ്പാട്ട്**
വികാരി ജനറാൾ

# മതബോധനം

## Std X, XII റാങ്ക് ജേതാക്കൾ

Ist Rank



**Jasmin Thomas**
Pulinkara

IInd Rank



**Deepa Anto**
Karuvannur

IIIrd Rank



**Juleemol Johnson**
Thazhekad



**Riya Paul**
Annamannada



**Sneha James**
Edamuttam



**Sarija Jose**
Cheloor

## Std X - 100% വിജയം നേടിയ യൂണിറ്റുകൾ

Alamattom
Aloor
Aloor W.
Ambanoly
Annamanada
Aripalam
Aroormuzhy
Avittathur
Chaipankuzhy
Chalakudy ‘A’ Unit
Chalakudy F.
Chalakudy N.
Chalakudy W.
Cheloor
Chemmanda
Chendrappinni E.
Chokana
De Paul Potta
Dolours, IJK
Edamuttam
Edathiruthy F.
Elinjipra, Bethlehem
Fathima Nagar
Kadappuram
Kaduppukkara
Kaipamangalam
Kallamkunnu
Kalparambu
Karalam
Karanchira
Karottukara
Karuvannur
Kattoor
Kodakara F.
Kodunga
Kodungallur

Konnakuzhy
Kormala
Kottat
Kumbidi
Kundoor
Kuthirathadam
Kuzhikkattukonam
Kuzhikkattussery
Anandapuram L.F.
Lourdpuram
Madathumpadi
Mala Soccorso
Mapranam
Maramcode
Maramcode S.
Mariyapuram, CKY
Mathilakam
Mattathur
Meladoor
Mettipadam
Moorkanad
Mothirakanny
Munippara
Murikkingal
Muriyad
Nadavarambu
Nandikara
Nellayi
Padiyur
Paduvanagar
Parakadavu
Parappukara F.
Parekattukara
Pazhukara
Perumbadappu
Pillappara
Poovathingal
Porathissery
Poyya
Pulinkara
Puliparambu
Puthenchira F.
Puthenvelikara
Thanissery S.
Snehagiri
Thachudaparambu
Thazhur
Thirumukulam
Thiruthiparambu
Thottippal
Thumbacode
Thumboor
Thuravankunnu
Vadachira
Vadakkumkara
Vallakkunnu
Vallappady
Vallivattam
Vasupuram
Velayanad
Vellangallur
Vellani
Vynthala
Xaviyur

## Std XII - 100% വിജയം നേടിയ യൂണിറ്റുകൾ

Ambazhakad F.
Anathadam
Annamanada
Aripalam
Aroormuzhi
Avittathur
Cheloor
Chemmanda
Chendrappinni E.
De Paul, Potta
Don Bosco, IJK
Edakulam
Edamuttam
Edathuruthy F.
Elinjipra, Bethlehem
Fathima Nagar
Kaduppukara
Kaduppassery
Kallamkunnu
Kallettumkara
Kallur
Kanakamala
Karanchira
Karottukara
Kattoor
Kodunga
Koottanellur
Kottackal
Kottat
Kumbidi
Kundoor
Kuthirathadam
Kuzhikattukonam

Kuzhikkattussery
Lourdpuram
Mala F.
Mala Soccorso
Mapranam
Maramcode S.
Mariyapuram, CKY
Mathilakam
Mattathur
Meladoor
Mettipadam
Moonumuri
Mothirakanny
Munippara
Muriyad
Chalakudy N.
Chalakudy W.
Nadavarambu
Nandikara
Oorakam
Paduvanagar
Parakadavu
Parekkattukara
Pazhukara
Perambra
Pillapara
Poovathingal
Poovathussery
Poyya
Pulinkara
Puthechira F.
Puthenchira E.
Snehagiri
Thachudaparambu
Thottippal
Thumbacode
Thumboor
Thuravankunnu
Thuruthiparambu
Vadachira
Vadakumkara
Vallakunnu
Vallappady
Vallivattam
Vasupuram
Veeranchira
Velayanad
Vellikulangara
Vennur
Vellani

**1 അഭിനന്ദനങ്ങൾ:** X, XII ക്ലാസ്സുകളിലെ രൂപത മതബോധന പരീക്ഷയിൽ റാങ്കുകളും, ഉന്നത വിജയവും നേടിയ വിദ്യാർത്ഥികൾക്കും യൂണിറ്റ് ഭാരവാഹികൾക്കും 100% വിജയം കരസ്ഥമാക്കിയ Std X ലെ 100 യൂണിറ്റുകൾക്കും Std XII ലെ 82 യൂണിറ്റുകൾക്കും അഭിനന്ദനങ്ങൾ.
100 % വിജയം നേടിയതിൽ ഏറ്റവും കൂടുതൽ പേർ പരീക്ഷയെഴുതി ട്രോഫിക്കർഹമായ യൂണിറ്റുകൾ.
Std X - St. Mary's F. Church, Chalakudy, 88 വിദ്യാർത്ഥികൾ
Std XII - St. Thomas F. Church, Ambazhakad, 41 വിദ്യാർത്ഥികൾ.

**2 മതാദ്ധ്യയന വർഷാരംഭം:** ജൂൺ 6-ാം തിയ്യതി പുതിയ മതാദ്ധ്യയന വർഷം ആരംഭിക്കുന്നു. യൂണിറ്റുകളിൽ മെയ് 23 ഞായറാഴ്ച സ്റ്റാഫ് മീറ്റിംഗ് കൂടി ക്ലാസ്സുകൾ നിശ്ചയിക്കുകയും 2010-11 മതാദ്ധ്യയന വർഷത്തെ പ്രവർത്തന പരിപാടികളുടെ രൂപരേഖ തയ്യാറാക്കുകയും ചെയ്യുക.

**3 പ്രധാനാദ്ധ്യാപക നിയമനം:** ഓരോ ഇടവകയിലെയും വിശ്വാസ ജീവിത പരിശീലന പരിപാടികൾ കാര്യക്ഷമമാക്കുവാൻ ബഹു. വികാരിയച്ചനോടൊപ്പം ഏറ്റവും കൂടുതൽ ശ്രദ്ധാലുവായിരിക്കേണ്ടത് പ്രധാനാദ്ധ്യാപകനാണ്. വിശ്വാസ പരിശീലന ക്ലാസ്സുകളിൽ മുടക്കം കൂടാതെ

ഹാജരാകാനും, വിശ്വാസ പരിശീലന രംഗത്ത് സമയം വ്യയം ചെയ്യാനും സന്മനസ്സുള്ളവരും, മാതൃകാപരമായി ജീവിതം നയിക്കുന്നവരുമായിരിക്കണം പ്രധാനാദ്ധ്യാപകരായി നിയമിക്കപ്പെടുന്നവർ. യൂണിറ്റുകളിൽ പുതിയതായി നിയമിക്കപ്പെടുന്ന പ്രധാനാദ്ധ്യാപകരുടെ പേരുവിവരം യഥാസമയം രൂപതാ മതബോധന കേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്. മൂന്നു വർഷം വീതം 2 ടേം പൂർത്തിയാക്കിയ പ്രധാനാദ്ധ്യാപകർ മാറുന്നത് ഉചിതമായിരിക്കും.

4 **അദ്ധ്യാപക നിയമനം :** ക്രിസ്തീയ വിശ്വാസത്തിൽ ബോധ്യവും അഭിമാനവും സന്തോഷവുമുള്ളവരെ ആയിരിക്കണം മതാദ്ധ്യാപകരായി നിയമിക്കേണ്ടത്. അദ്ധ്യാപകരായി തിരഞ്ഞെടുക്കപ്പെടുന്നവർ PDC യോ തത്തുല്യമായ വിദ്യാഭ്യാസ യോഗ്യതയോ ഉള്ളവരും, HCC പാസ്സായിട്ടുള്ളവരും മാതൃകാപരമായ ജീവിതം നയിക്കുന്നവരുമായിരിക്കണം. I, II ക്ലാസ്സുകളിൽ വീട്ടമ്മമാരായ അധ്യാപികമാർ ക്ലാസ്സെടുക്കുന്നതാണ് അഭികാമ്യം. 35 വയസ്സിനു മുകളിലുള്ള പകുതി അദ്ധ്യാപകരെങ്കിലും ഓരോ യൂണിറ്റിലും ഉണ്ടായിരിക്കത്തക്ക വിധത്തിൽ പുതിയ നിയമനങ്ങൾ നടത്തുവാൻ ശ്രദ്ധിക്കുമല്ലോ.

5 **സ്റ്റാഫ് സെക്രട്ടറി :** മതബോധന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാനും ആവശ്യമായ രേഖകൾ എഴുതി സൂക്ഷിക്കുവാനും അദ്ധ്യാപകരിൽ ഒരാളെ സെക്രട്ടറിയായി തെരഞ്ഞെടുക്കേണ്ടതാണ്.

6 **20/50 വർഷം പൂർത്തിയാക്കിയ മതാദ്ധ്യാപകർ :** മതാദ്ധ്യാപക ശുശ്രൂഷയുടെ ജൂബിലി ആഘോഷിക്കുന്നവരുടെ പേരു വിവരം (ഫുൾ അഡ്രസ്സ്) നൽകിയിട്ടില്ലെങ്കിൽ എത്രയും വേഗം മതബോധന കേന്ദ്രത്തിൽ എത്തിക്കുക.

7 **പ്രധാന അദ്ധ്യാപക മീറ്റിംഗ് :** മെയ് 29-ാം തിയ്യതി രാവിലെ 9.30ന് ആരംഭിച്ച് ഉച്ചതിരിഞ്ഞ് 3.30ന് അവസാനിക്കുന്നു. സ്ഥലം : വിദ്യാജ്യോതി. എല്ലാ പ്രധാന അദ്ധ്യാപരും നിർബന്ധമായും പ്രസ്തുത മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണ്. ഗൗരവമേറിയ കാരണങ്ങളാൽ ഏതെങ്കിലും പ്രധാന അദ്ധ്യാപകൻ വരുന്നില്ലെങ്കിൽ പകരം ഉത്തരവാദിത്വമുള്ള മറ്റൊരു അദ്ധ്യാപകനെ അയയ്ക്കേണ്ടതാണ്.

8 **പ്രൈവറ്റ് രജിസ്ട്രേഷൻ :** +1, +2 ക്ലാസ്സുകളിൽ രൂപതാ കേന്ദ്രത്തിൽ പ്രൈവറ്റ് രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ പരീക്ഷകൾ 11-ാം ക്ലാസ്സിന് ഏപ്രിൽ 24, സ്ഥലം വിദ്യാജ്യോതി. സമയം 10 am.-12 am., 12-ാം ക്ലാസ്സിന് മെയ് 22. സ്ഥലം വിദ്യാജ്യോതി. സമയം 10 am.-12 am.,

**ഫാ. ജോർജ്ജ് വേഴപറമ്പിൽ**
ഡയറക്ടർ

# സെന്റ് പോൾസ് മൈനർ സെമിനാരി

1 ഏപ്രിൽ 18ന് അഭിവന്ദ്യ മാർ ജെയിംസ് പഴയാറ്റിൽ പിതാവിനെ സെമിനാരി കുടുംബം സ്വീകരിച്ചു. രൂപതയുടെ ദ്വിതീയ മെത്രാൻ അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവിനെ അഭിനന്ദിക്കുകയും കർമ്മമണ്ഡലത്തിലേയ്ക്ക് ആശംസകൾ നേരുകയും ചെയ്തു.

2 മെയ് 1-ന് രൂപതയിലെ 7 ബ്രദേഴ്സ് റീജൻസിയിലേക്ക് പ്രവേശിച്ചു.

3 മെയ് 2-ന് ഞായറാഴ്ച 4 മുതൽ 5ന് ബുധനാഴ്ച വൈകീട്ട് 4 വരെ ദൈവവിളി ധ്യാനം ഒരുക്കിയിരിക്കുന്നു. രൂപത മൈനർ സെമിനാരിയിൽ ചേരാൻ ആഗ്രഹിക്കുന്നവർ ഈ ധ്യാനത്തിൽ സംബന്ധിച്ചിരിക്കണം.

4 മെയ് 8-ന് ശനിയാഴ്ച 2.30 ന് 7 സെമിനാരിവിദ്യാർത്ഥികൾ സഭാവസ്ത്രം സ്വീകരിക്കും

5 മെയ് 11, 12 തിയ്യതികളിൽ രൂപതയിലെ മേജർ സെമിനാരി വിദ്യാർത്ഥികൾ ഒരുമിച്ച് കൂടുന്നു, നവവൈദികരെ അനുമോദിക്കുന്നു.

**Burse മുഖേന സാമ്പത്തിക സഹായം നൽകിയവർ (തുടർച്ച)**

1. Mrs. Mary Ouseph, Chakkalackal, Meladoor
2 Mr. Vincent D. Kattookkaran, Aloor
3 Rev. Sr. Mariamma Chemmannoor, Mariabhavan, IJK
4 Catholic Mothers' Union, Irinjalakuda Diocese
5 Rev. Fr. Thomas Panjikaran, St. Antony's Church, Perambra
6 Mr.&Mrs. T.R. Francis Thekkethala, Irinjalakuda
7 Mrs. Mercy Johny, Chittilappilly, Edathiruthy

**ഫാ. വർഗ്ഗീസ് പാലത്തിങ്കൽ**
റെക്ടർ

## സ്മരണാഞ്ജലി



| | |
|---|---|
| റവ. ഫാ. ജെയ്ക്കബ് വേഴപറമ്പിൽ | 10-05-1981 |
| മോൺ. സക്കറിയാസ് പുതുശ്ശേരി | 13-05-1988 |
| റവ. ഫാ. ആന്റണി ആലപ്പാട്ട് | 08-05-1996 |
| റവ. ഫാ. ആന്റണി പറോക്കാരൻ | 20-05-2000 |
| റവ. ഫാ. വിൽസൻ ഊക്കൻ | 14-05-2003 |

# Annual Retreat - First Batch

1 Rev. Dr. Alappadan Antu
2 Rev. Dr. Alapatt Johnson G.
3 Rev. Fr. Alappatt Joy
4 Rev. Fr. Alappatt Tijo
5 Rev. Fr. Aluka Thomas
6 Rev. Dr. Ambadan Raphael
7 Rev. Fr. Ambooken Jose
8 Rev. Fr. Ambooken Paul A.
9 Rev. Fr. Aricatt Jose
10 Rev. Dr. Aricatt Varghese (Sr.)
11 Rev. Fr. Aricatt Varghese (Jr.)
12 Rev. Fr. Chakoria Nixon
13 V. Rev. Fr. Chalissery Varghese
14 Rev. Fr. Chalissery Vincent
15 Rev. Dr. Chenginiyadan Devis
16 Rev. Fr. Cheriekara Ajith
17 Rev. Fr. Cheruvathur Benny
18 Rev. Fr. Cheruvathoor Joseph
19 Rev. Fr. Cherappanath Pius
20 Rev. Dr. Chirayath Clement
21 Rev. Dr. Chirayath Francis
22 Rev. Fr. Chirayath Shaju
23 Rev. Fr. Chittilapilly Antony
24 Rev. Fr. Chittilapilly Jose K.
25 Rev. Fr. Chittilapilly Joseph V.
26 Rev. Fr. Chungath Ignatius
27 Rev. Fr. Elamkunnapuzha Jaju
28 Rev. Fr. Elamkunnapuzha Paul
29 Rev. Fr. Eluvathingal Koonan Wilson
30 Rev. Fr. Erathara Wilson
31 Rev. Fr. Irimpan Antony
32 Rev. Fr. Kachapilly Shaju (Peter)
33 Rev. Fr. Kadambatt Joy
34 Rev. Fr. Kadampattuparambil Luxy
35 Rev. Fr. Kalan George
36 Rev. Fr. Kalaparambath Lijo
37 Rev. Dr. Kalapurackal Davis
38 Rev. Fr. Kallely Joshy
39 Rev. Dr. Kanamkudam Joseph
40 Rev. Fr. Kandamkulathi George
41 Rev. Fr. Kanjithara Seemon
42 Rev. Fr. Kannampuzha Plogen
43 Rev. Fr. Karippai Jaison
44 Rev.Fr. Karippai Manoj
45 Rev. Fr. Karumalickal Benny
46 Rev. Fr. Kavalakkatt John (Sr)
47 Rev. Fr. Kavalakkatt John (Jr)
48 Rev. Msgr. Kavalakkatt Joseph
49 Rev. Fr. Kizhakkumthala Davis
50 Rev. Fr. Kokkatt Joju
51 Rev. Fr. Kolanchery Jinoj
52 Rev. Fr. Komban Siju
53 Rev. Fr. Koonan Joemon
54 Rev. Fr. Koottala Thomas
55 Rev. Fr. Kottackal Siby
56 Rev. Fr. Kudiyirickal Davis
57 Rev. Fr. Kudiyirickal Jaison
58 Rev. Fr. Kunnel Jiji

59 Rev. Fr. Kuttikadan Jojo
60 Rev. Fr. Kuttikadan Lindo
61 Rev. Fr. Maliekal Davis
62 Rev. Fr. Maliekal George
63 V. Rev. Fr. Maliekal Jose
64 Rev.Fr. Maliekal Sebastian
65 Rev. Fr. Maliekal Thomas D.
66 Rev. Fr. Mandakath Joseph Sunny
67 Rev. Fr. Mangalan George
68 Rev. Dr. Maniparambil Jose
69 Rev. Fr. Manjaprakaran Liju
70 Rev. Fr. Menachery Thomas
71 Rev. Fr. Menoth Joy
72 Rev. Fr. Mukkattukarakkaran Antony
73 Rev. Fr. Nattekkadan Thomas
74 Rev. Fr. Nellissery Shibu
75 Rev. Fr. Nareparambil Binoy Thomas
76 Rev. Dr. Padayatty Pauly
77 Rev. Fr. Pakrath Jees (Joseph)
78 Rev. Dr. Palamattath Joji Paul
79 Rev. Dr. Palathingal Varghese
80 Rev. Fr. Palatty Robin
81 Rev. Fr. Pallai Nijo John
82 Rev. Fr. Pallipatt Jaims
83 Rev. Fr. Panjikaran Raphael
84 Rev. Dr. Panjikaran Sebastian
85 Rev. Fr. Parackal Freejo
86 Rev. Fr. Parekadan Anto
87 Rev. Fr. Parekatt Jaison
88 Rev. Fr. Payyappilly Sabu
89 Rev. Fr. Plassery George
90 Rev. Fr. Pudussery Anil
91 Rev. Dr. Pudussery Suresh
92 Rev. Fr. Pulickan Febi
93 Rev. Fr. Pulluparambil Jose
94 Rev. Fr. Puthenveetil Raphael
95 Rev. Fr. Pynadath Riju (Davis)
96 Rev. Fr. Tharackal Joy
97 Rev. Fr. Tharayil Johnson
98 Rev. Fr. Thattil Davis
99 Rev. Fr. Thekkekara Melepuram John
100 Rev. Fr. Thekkethala Joseph
101 Rev. Fr. Thekkineth Antony
102 Rev. Dr. Thoduparambil Jojo
103 Rev. Fr. Vadakkepeedika Varghese
104 Rev. Fr. Valappila Roby
105 Rev. Fr.Vazhappilly Varghese O.
106 Rev. Fr. Vellaniparambil Antony
107 Rev. Fr. Vennattuparambil Jinu
108 Rev. Fr. Velakanadan Thomas

## Annual Retreat - Second Batch

1 V. Rev. Fr. Pareman George
2 V. Rev. Fr. Pathadan Varghese
3 Rev. Fr. Thekkekara Shaji
4 Rev. Fr. Alapatt Anto G.

5 Rev. Fr. Alappatt Sinto
6 V.Rev.Msgr Alappatt Vincent
7 Rev. Fr. Ambooken Cyriac
8 V. Rev. Fr. Ambooken Davis
9 Rev. Fr. Ambooken Paul C.
10 Rev. Fr. Aricatt Sebastian
11 Rev. Fr. Arimbully Benny
12 Rev. Fr. Athiyunthan James
13 Rev. Fr. Attokkaran Nevin
14 Rev. Fr. Chakkiath Jijo
15 Rev. Fr. Cheenan Bency
16 Rev. Fr. Chembakassery Vincent
17 Rev. Fr. Cheruvathur Paul
18 Rev. Fr. Chethalan Andrews
19 Rev. Dr. Cherappanath Stephen
20 Rev. Fr. Chiramal George
21 Rev. Fr. Chirayath Benjamin
22 Rev. Fr. Chirayath Paul
23 Rev. Fr. Chittilapilly Ignatius
24 Rev. Fr. Chittilapilly Jose A.
25 Rev. Fr. Chittilapilly Pius
26 Rev. Fr. Chittilappilly Sinto
27 Rev. Dr. Chungath Anto
28 Rev. Fr. Edattukaran John
29 Rev. Fr. Elamkunnapuzha Kins
30 Rev. Fr. Elamkunnapuzha Paul
31 V. Rev. Fr. Ezhekadan Sebastian
32 Rev. Fr. Gopuram Joseph
33 Rev. Dr. Irimpan Jose
34 Rev. Fr. Irimpan Seejo
35 Rev. Fr. Iyyanam John Paul
36 Rev. Fr. Kalampanathadathil Sunny
37 Rev. Fr. Kallely Benny
38 Rev. Fr. Kallingal Davis
39 Rev. Dr. Kallingal Joji
40 Rev. Fr. Kanamkudam Jose
41 Rev. Fr. Kanjilassery Seby
42 Rev. Fr. Kannampilly Thomas
43 Rev. Fr. Kannukadan Pauly
44 Rev. Fr. Karathra Renil
45 Rev. Fr. Karippai Anto
46 Rev. Fr. Kattuparambil Titus
47 Rev. Fr. Kavalakkatt James
48 Rev. Fr. Kavil Francis
49 V.Rev. Fr. Kavunkal Jos
50 Rev. Fr. Kodiyan Francis
51 Rev. Fr. Kodiyan Paul (Rinto)
52 Rev. Fr. Kolangara Seby
53 Rev. Fr. Kongoth Lijo
54 Rev. Fr. Konthuruthy Varghese
55 Rev. Fr. Koottala Davis
56 Rev. Fr. Kozhippatt Binoy
57 Rev. Dr. Kuttikadan Lazar
58 Rev. Fr. Malakaran Jino
59 Rev. Fr. Maliekal Andrews
60 Rev. Fr. Maliekal George Paulose
61 Rev. Fr. Maliekal Joseph
62 Rev. Fr. Maliakal Tom

63 Rev. Fr. Manadan Johnson
64 Rev. Fr. Mangalan Paul
65 Rev. Dr. Manjaly Antony
66 V. Rev. Fr. Manjaly Jose
67 Rev. Fr. Mekkedath Manoj
68 Rev. Fr. Menachery Johny
69 Rev. Fr. Menoth Jijo
70 Rev. Fr. Moolan Raphael
71 Rev. Fr. Nadavaramban Sebastian
72 Rev. Dr. Nellissery Joy
73 Rev. Fr. Nereparambil Denson
74 Rev. Fr. Palamattom George
75 Rev. Fr. Palathingal Joseph
76 Rev. Fr. Palatty Jose
77 Rev. Fr. Paliakkara Joshi
78 V. Rev. Fr. Paliakkara Joy
79 Rev. Fr. Panadan Anto
80 Rev. Fr. Panikulangara Roy
81 Rev. Fr. Panjikaran Thomas
82 Rev. Fr. Panthallookaran Jose
83 Rev. Fr. Parambeth Antony Paul
84 Rev. Fr. Parambeth Liju Paul
85 Rev. Fr. Parassery Anto
86 Rev.Fr. Parayil Vincent
87 Rev. Fr. Payyappilly Paul
88 Rev. Fr. Pazhayattil Jose
89 Rev. Fr. Pazhayattil Rejoy
90 Rev. Fr. Pellissery Anish
91 Rev.Fr. Pereppadan Joy
92 Rev. Dr. Pereppadan Varghese
93 Rev. Fr. Pereppadan Wilson
94 Rev. Fr. Ponminissery Saji
95 Rev. Fr. Pozholiparambil Binoy
96 V. Rev. Fr. Pozholiparambil Jobby
97 Rev. Fr. Pudussery Antony
98 Rev. Fr. Pudussery Pauly
99 Rev. Fr. Pudussery Thomas
100 Rev. Fr. Pullokkaran Antony
101 V. Rev. Fr. Puthenveetil Joy
102 Rev. Fr. Puthoor Shabu
103 Rev. Fr. Thachil Anto
104 Rev. Fr. Thadikaran Thomas
105 Rev. Fr. Thattla Kiran (Antony)
106 Rev. Fr. Thekkethala John
107 Rev. Fr. Thettayil Varghese
108 Rev. Fr. Thottiyan Jomy
109 Rev. Fr. Thundathil Jijo
110 V. Rev. Fr. Vadakkan Jolly
111 Rev. Fr. Vadakkumchery Jaison
112 Rev. Fr. Vakaparambil Jijo
113 Rev. Fr. Valiyaveettil Saji
114 Rev. Fr. Valiyaveettil Sebastian
115 Rev. Fr. Vattoly Vineesh
116 Rev. Fr. Vazhappilly John
117 Rev. Fr. Vazhappilly Jose U.
118 Rev. Fr. Vazhappilly Justin
119 Rev.Fr. Vazhappilly Rocky
120 Rev. Fr. Vazhappilly Sebastian
121 Rev. Fr. Vezhaparambil George
122 Rev. Dr. Vithamattil Jose

## 2010 ഏപ്രൽ 18
## മെത്രാഭിഷേകം- സ്ഥാനാരോഹണം
## സംക്ഷിപ്ത റിപ്പേർട്ട്

2010 ഫെബ്രുവരി 12-ാം തിയ്യതി ബിഷപ്പ്സ് ഹൗസിൽ വിളിച്ച് ചേർത്ത പാസ്റ്ററൽ കൗൺസിലിന്റെയും പ്രസ്ബിറ്റേറിയത്തിന്റെയും സംയുക്ത യോഗത്തിൽവച്ചാണ് അഭിവന്ദ്യ പോളി കണ്ണൂക്കാടൻ പിതാവിന്റെ മെത്രാഭിഷേക - സ്ഥാനാരോഹണതിരുക്കർമ്മങ്ങൾക്കും, ആഘോഷങ്ങൾക്കുമായുള്ള 22 പേരുടെ സ്റ്റിയറിംഗ് കമ്മിറ്റിക്കും, 34 പേരുടെ കോർഡിനേഷൻ കമ്മിറ്റിക്കും 12 സബ് കമ്മിറ്റികൾക്കും അഭിവന്ദ്യ ജെയിംസ് പഴയാറ്റിൽ പിതാവ് രൂപം നൽകിയത്. ആവശ്യമായ പ്ലാനിംഗിനും ഒരുക്കങ്ങൾക്കുംവേണ്ടി രൂപതയിലെ വൈദിക കൂട്ടായ്മ ഒരു തവണയും കോർഡിനേഷൻ കമ്മിറ്റി ഏഴ് തവണയും ജനറൽ ബോഡി രണ്ട് തവണയും സമ്മേളിച്ചു.

ഏപ്രിൽ 17-ാം തിയ്യതി ശനിയാഴ്ച പബ്ലിസിറ്റി കമ്മിറ്റിയുടെ നേതൃത്വത്തിൽ കൊടുങ്ങല്ലൂർ പള്ളിയിൽനിന്നും 12 ശ്ലീഹന്മാരുടെ തിരുശേഷിപ്പ് വിവിധ ഇടവകകളിലൂടെ പ്രയാണം ചെയ്ത് കത്തീഡ്രൽ ദേവാലയങ്കണത്തിൽ വൈകീട്ട് 5 മണിക്ക് എത്തി ച്ചേർന്നു.

ഏറെ നാളത്തെ പ്രാർത്ഥന - പ്രവർത്തന പൂർണ്ണമായ നാളുകൾക്കുശേഷം, കാത്തിരുന്ന പുണ്യദിനം, 2010 ഏപ്രിൽ 18 സമാഗതമായി. ഉച്ചയ്ക്ക് കൃത്യം രണ്ടുമണിക്ക് തിരുക്കർമ്മങ്ങൾക്ക് മുന്നോടിയായുള്ള പ്രദക്ഷിണത്തിന് ആരംഭം കുറിച്ചു. പ്രദക്ഷിണത്തിന് മുമ്പിലായി പത്ത് ഫൊറോനകളെയും മദ്രാസ് മിഷനെയും അഭിവന്ദ്യപിതാക്കന്മാരുടെ ഇടവകകളായ കുഴിക്കാട്ടുശ്ശേരി, പുത്തൻചിറ ഈസ്റ്റ് ഇടവകകളെയും പ്രതിനിധീകരിച്ച് 13 പൊൻകുരിശുകൾ അണിനിരന്നിരുന്നു. പ്രദക്ഷിണത്തിന്റെ ഇരുവശത്തുമായി രൂപതയിലെ വിവിധ പ്രസ്ഥാനങ്ങളുടെയും സംഘടനകളിൽ നിന്നുമായി ഇരുപത് പേർവീതം മുത്തുകുടകളുമായി അണിനിരന്ന് പ്രദക്ഷിണത്തിന് മോടി കൂട്ടി. രൂപതയിലെ എല്ലാ വൈദികരും സന്യാസ വൈദികരും തിരുവസ്ത്രങ്ങളണിഞ്ഞ് അഭിവന്ദ്യപിതാക്കന്മാർക്കുമുമ്പിലായി പ്രദക്ഷിണത്തിൽ അണിച്ചേർന്നു. മെത്രാഭിഷേക കർമ്മങ്ങൾക്ക് അഭിവന്ദ്യ ജെയിംസ് പഴയാറ്റിൽ പിതാവ് മുഖ്യ

കാർമ്മികനും മാർ ജേക്കബ്ബ് തൂങ്കുഴി, മാർ ജേക്കബ്ബ് മനത്തോടത്ത് എന്നിവർ മുഖ്യസഹകാർമ്മികരുമായിരുന്നു. സന്ദേശം നൽകിയത് മാർ മാത്യു മൂലക്കാട്ട് മെത്രാപ്പോലീത്തയായിരുന്നു. സ്ഥാനാരോഹണ തിരുകർമ്മങ്ങൾക്ക് തൃശ്ശൂർ അതിരൂപതാദ്ധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്ത മുഖ്യകാർമ്മികത്വവും മാർ ജെയിംസ് പഴയാറ്റിൽ, മാർ ബോസ്കോ പുത്തൂർ മുഖ്യസഹകാർമ്മികത്വവും വഹിച്ചു

തിരുകർമ്മങ്ങൾക്ക് സ്വരമാധുര്യം പകരുവാൻ 70 പേരുടെ ഗായക സംഘവുമുണ്ടായിരുന്നു. 47,000 സ്ക്വയർ ഫീറ്റ് പന്തൽ സൗകര്യമാണ് ഒരുക്കിയിരുന്നത്. 8,000 പേർക്കുള്ള ഇരിപ്പിടങ്ങളാണ് പന്തലിനുള്ളിൽ ഒരുക്കിയിരുന്നത്. പന്തലിനുള്ളിലും കത്തീഡ്രൽ പള്ളി അങ്കണത്തിന്റെ പരിസരങ്ങളിലിമായി ക്ലോസ്ഡ് സർക്ക്യൂട്ട് ടി.വി. സംവിധാനവും കുടിവെള്ള സൗകര്യവും ഏർപ്പെടുത്തിയിരുന്നു.

തിരുക്കർമ്മങ്ങൾക്ക്ശേഷം നടന്ന പബ്ലിക് മീറ്റിംഗിനും വികാരി ജനറാൾ മോൺ. വിൻസന്റ് ആലപ്പാട്ട് സ്വാഗതം ആശംസിച്ചു. മലങ്കര കത്തോലിക്കാസഭയുടെ മേലദ്ധ്യക്ഷൻ ബസേലിയൂസ് മാർ ക്ലീമിസ് ബാവ യോഗം ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്ത യോഗത്തിനദ്ധ്യക്ഷനായിരുന്നു. സഭയും ഇരിങ്ങാലക്കുട രൂപതയും പാവങ്ങളുടെ പക്ഷത്താണെന്ന് പ്രഖ്യാപനവുമായി, അഭിവന്ദ്യ ജെയിംസ് പിതാവിനോടുള്ള കൃതജ്ഞതാ സൂചകമായി, അഭിവന്ദ്യ പോളി പിതാവിന്റെ മെത്രാഭിഷേകസ്മാരകമായും ആരംഭിക്കുന്ന 'ബ്ലസ്സ് എ ഹോം' പ്രൊജക്ട് ബഹു. ജോസ് പാലാട്ടിയച്ചൻ സമ്മേളനത്തിൽ പരിചയപ്പെടുത്തി. വരാപ്പുഴ ആർച്ചബിഷപ്പ് ഫ്രാൻസിസ് കല്ലറയ്ക്കൽ മെത്രാപ്പോലീത്ത 'ബ്ലസ്സ് എ ഹോം' പ്രൊജക്ട് ഉദ്ഘാടനം ചെയതു.

ബഹു. പയസ് ഊക്കനച്ചൻ (സി.എം.ഐ, ദേവമാത പ്രൊവിൻഷ്യൽ സുപ്പീരിയർ), അഡ്വ. തോമസ് ഉണ്ണിയാടൻ (ഇരിങ്ങാലക്കുട എം. എൽ.എ.), ബഹു. സി. മെല്ലോ (എഫ്.സി.സി. അൽവേർനിയ പ്രൊവിൻഷ്യൽ സുപ്പീരിയർ), ശ്രീ. എം.പി. ജാക്സൺ (ഇരിങ്ങാലക്കുട മുൻസിപ്പൽ ചെയർമാൻ), പ്രഫസർ പി. എൽ ആന്റണി (പാസ്ററൽ കൗൺസിൽ സെക്രട്ടറി) എന്നിവർ ആശംസകളർപ്പിച്ചു. തുടർന്ന് 'ബ്ലസ്സ് എ ഹോം' പ്രൊജക്ടിലേക്ക് പ്രാതിനിധ്യസ്വഭാവത്തോടെ സംഭാവനകൾ സ്വീകരിച്ചു.

32 വർഷത്തോളം രൂപതാ അജപാലന ശുശ്രൂഷയ്ക്ക് നേതൃത്വം വഹിച്ച അഭിവന്ദ്യ ജെയിംസ് പഴയാറ്റിൽ പിതാവ് ഏവർക്കും നന്ദി രേഖപ്പെടുത്തുകയും തുടർന്നും ഏവരുടെയും പ്രാർത്ഥനാ സഹായം അഭ്യർത്ഥിക്കുകയും ചെയ്തു. രൂപതയുടെ ഭരണസാരഥ്യം ഏറ്റെടുത്ത അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവ്, തന്നെ സ്വന്തമായി സ്വീകരിച്ച് രൂപതാഭരണത്തിൽ സഹപ്രവർത്തകരാകുവാൻ ഏവരേയും ക്ഷണിച്ചു. തുടർന്ന് അഭിവന്ദ്യ ജെയിംസ് പഴയാറ്റിൽ പിതാവിന്റെ ഡ്രൈവറായിരുന്ന ശ്രീ. ജോയിക്ക് രൂപതയുടെ ഉപഹാരം പോളി പിതാവ് സമർപ്പിച്ചു.

ജനറൽ കൺവീനർ ഏവരുടെയും നിസ്വാർത്ഥ സേവനത്തിനും സഹകരണത്തിനും നന്ദിയർപ്പിച്ചു. സെമിനാരിക്കാരുടെ പാപ്പാ ഗീതത്തോടെ യോഗം സമംഗളം പര്യവസാനിച്ചു.

നിറഞ്ഞ മുകവിഞ്ഞ പന്തലും മനംനിറഞ്ഞ ആഘോഷങ്ങളും ഏവരുടെയും പ്രശംസയ്ക്ക് പാത്രീഭൂതമായി. ഭാരത ക്രൈസ്തവ സഭയുടെ ഈറ്റില്ലമായ ഇരിങ്ങാലക്കുട രൂപത ദ്വിതീയ ഇടയ ശ്രേഷ്ഠന്റെ നേതൃത്വത്തിൽ ഇനിയും ഉയരങ്ങൾ കീഴടക്കട്ടെയെന്നുള്ള ആശംസയോടെയും പ്രാർത്ഥനയോടെയും വിശ്വാസ സമൂഹം യാത്രയായി.

**ഫാ. ജോയ് പാല്യേക്കര**
ജനറൽ കൺവീനർ

---

## അൾത്താരസംഘം

1. **ലീഡേഴ്സ് മീറ്റ് :** ഏപ്രിൽ 10, 11 തിയ്യതികളിൽ ഇരിങ്ങാലക്കുട സെന്റ് പോൾസ് മൈനർ സെമിനാരിയിൽ സംഘടിപ്പിച്ചു. 70 പേർ പങ്കെടുത്തു.
2 **സാവിയോ ഫെസ്റ്റ് :** മെയ് 6-ന് വ്യാഴാഴ്ച രാവിലെ 9 മുതൽ വൈകീട്ട് 4 വരെ ഇരിങ്ങാലക്കുട കത്തീഡ്രൽ പാരിഷ് ഹാളിൽ. ഓരോ ഇടവകയിൽനിന്നും 5 പേരെ നിർബന്ധമായും പറഞ്ഞുവിടുമല്ലോ.
3 **സാവിയോ ഫ്രണ്ട് സമ്മാന കൂപ്പൺ:** നറുക്കെടുപ്പ് മെയ് 6-ന് നടത്തപ്പെടും.

**ഫാ. റിജോയ് പഴയാറ്റിൽ**
ഡയറക്ടർ

# ബൈബിൾ ഞായർ 2010

*"ആഴം ആഴത്തെ വിളിക്കുന്നു" (സങ്കീ 42:7)*

**കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ ചെയർമാൻ പുറപ്പെടുവിക്കുന്ന സർക്കുലർ**

യേശുക്രിസ്തുവിൽ പ്രിയരേ,

വരുന്ന ഞായറാഴ്ച (ജൂൺ 20) കേരള സഭ ബൈബിൾ ഞായറായി ആഘോഷിക്കുകയാണ്. അതിനുള്ള ഒരുക്കമായി ബൈബിൾവാരം ഇന്ന് നാം ആരംഭിക്കുന്നു. നിങ്ങൾക്കേവർക്കും ഈ ആഴ്ച അനുഗ്രഹം നിറഞ്ഞതായിരിക്കട്ടെ എന്നാശംസിക്കുന്നു.

ക്രൈസ്തവർക്കിടയിൽ ഏറെ പ്രചാരമുള്ള പദമാണ് 'വചനം' എന്നത്. ബൈബിളിനെയും ബൈബിൾ സംബന്ധിയായ പ്രഘോഷണങ്ങളെയുമെല്ലാം 'വചനം' എന്നാണല്ലോ നാം വിളിക്കുന്നത്. ഗ്രീക്കുഭാഷയിൽ സുവിശേഷകന്മാർ 'ലോഗോസ്' എന്ന പദമാണ് അതിനായി ഉപയോഗിച്ചിരിക്കുന്നത്. ഈ പദത്തിനു സമാനമായ ഒരു വാക്ക് നമുക്കറിയാം – 'ഡയലോഗ്'. 'ദിയ' എന്ന വിഭക്തി പ്രത്യയം 'ലോഗോസി'നോട് ചേർന്ന് ഗ്രീക്കിൽ രൂപംകൊണ്ടിട്ടുള്ള ദിയലോഗോസ് എന്ന പദത്തിൽനിന്നാണ് 'ഡയലോഗ്' എന്ന ആംഗലേയപദത്തിന്റെ ഉദ്ഭവം. മാധ്യമങ്ങളിൽ നിറയുന്ന ചർച്ചകളും സംവാദങ്ങളും താത്പര്യത്തോടെ വീക്ഷിക്കുന്നവരാണ് നാം. രാഷ്ട്രങ്ങൾ തമ്മിൽ ഡയലോഗ് നടക്കാൻ പലതരം വേദികൾ ഇന്നുണ്ട്. കുടുംബത്തിൽ ഡയലോഗിന്റെ പ്രസക്തിയെക്കുറിച്ചു നാം കൂടുതൽ കൂടുതൽ ബോധവാന്മാരായിവരികയാണ്. പരസ്പര ധാരണയും സമ്യക്കായ വീക്ഷണവും രൂപപ്പെടുത്താൻ ഡയലോഗ് സഹായിക്കുന്നു. മാനുഷികബന്ധങ്ങളിലെ ഡയലോഗിന്റെ പ്രസക്തി ഏവർക്കും അറിയാം. എന്നാൽ ദൈവ – മനുഷ്യബന്ധത്തിലെ ഡയലോഗിനെക്കുറിച്ച് നാം അത്ര ബോധവാന്മാരല്ല തന്നെ. യഥാർത്ഥത്തിൽ, 'വചനത്തിലൂടെ' ('ദിയ – ലോഗോസ്') സംഭവിക്കുന്നത് സംവാദമാണ്. പാരസ്പര്യത്തിന്റെ അതിശ്രേഷ്ഠ ഭാവങ്ങൾ വചനത്തിൽ അടങ്ങിയിരിക്കുന്നു.

സൃഷ്ടിപോലും വചനത്തിലൂടെയാണു സംഭവിച്ചത് എന്ന് ഉൽപത്തി ഗ്രന്ഥകാരൻ സമർത്ഥിക്കുമ്പോൾ വചനത്തിന്റെ സർഗാത്മക സംവേദനക്ഷമതയാണ് വെളിപ്പെടുന്നത്. വചനത്തിലൂടെ

സൃഷ്ടിക്കപ്പെട്ട ആകാശം ദൈവമഹത്ത്വം പ്രഘോഷിക്കുന്നു എന്ന് 19-ാം സങ്കീർത്തനം സ്ഥാപിക്കുമ്പോൾ വചനത്തിന്റെ ഈ സംവേദന ക്ഷമതയ്ക്ക് പകർച്ചയുടെ സ്വഭാവം കൂടിയുണ്ട് എന്നു വരുന്നു. ഡയലോഗിലൂടെ ലോഗോസ് സൃഷ്ടപ്രപഞ്ചത്തെ ശക്തീകരിക്കുന്നു - തുടർ ഡയലോഗ് ഏറ്റെടുക്കാൻ. വേറൊരു വിധത്തിൽ പറഞ്ഞാൽ, സൃഷ്ടികളിലൂടെ ലോഗോസ് തന്റെ ഡയലോഗ് തുടരുന്നു. ഈയർത്ഥമാണ് ഈ വർഷത്തെ ബൈബിൾ ഞായറിന്റെ വിചിന്തന വചനമായ സങ്കീ. 42:7 പ്രകാശിപ്പിക്കുന്നത്: "അങ്ങയുടെ വെള്ളച്ചാട്ടങ്ങളുടെ ഇരമ്പലുകൾകൊണ്ട് ആഴം ആഴത്തെ വിളിക്കുന്നു". "നീർച്ചാലുതേടുന്ന മാൻപേടയെപ്പോലെ, ദൈവമേ, എന്റെ ഹൃദയം അങ്ങയെ തേടുന്നു" എന്നാലപിച്ചുകൊണ്ട് ആരംഭിക്കുന്ന സങ്കീർത്തകൻ പ്രപഞ്ചത്തിലൂടെ തന്നെ വിളിക്കുന്ന ദൈവത്തെ തിരിച്ചറിഞ്ഞു പാടുന്നതാണ് പ്രസ്തുതവാക്യം. ഡയലോഗു നടക്കുന്നത് ആഴവും ആഴവും തമ്മിലാണത്രേ. എന്താണ് ഈ ആദ്യത്തെ ആഴം? അത് ദൈവം തന്നെയായിരിക്കണം. രണ്ടാമത്തെ ആഴമോ, മനുഷ്യനും. ആഴം തന്നെയായ ദൈവം ആഴം തന്നെയായ മനുഷ്യനെ പ്രപഞ്ചത്തിലൂടെ ആഴബോധ്യത്തിലേക്ക് ക്ഷണിക്കുന്നു എന്നു ചുരുക്കം. ഉപരിപ്ലവതകൾ വെടിഞ്ഞ് സ്വന്തം ആഴം തിരിച്ചറിഞ്ഞ് സത്താസാക്ഷാത്കാരം നേടാനുള്ള ക്ഷണമാണത്. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യനെ ദൈവത്തെ വിശേഷിപ്പിക്കാനുപയോഗിച്ച "ആഴം" (ത്ഹോം) എന്ന അതേ പദം കൊണ്ട് സങ്കീർത്തകൻ വിശേഷിപ്പിക്കുന്നത് തികച്ചും യുക്തിഭദ്രമാണല്ലോ.

പ്രപഞ്ചം ഡയലോഗിന്റെ മാധ്യമമായി മാറിയത് ദൈവവചനത്തിന്റെ സൃഷ്ടിപരതകൊണ്ടു മാത്രമല്ല, പ്രബോധനപരത കൊണ്ടുകൂടിയാണ്. ദൈവവചനത്തെ "തോറ" എന്ന് പഴയനിയമം വിശേഷിപ്പിക്കുന്നു. "നിയമം" എന്നാണ് പൊതുവേ അതിനെ പരിഭാഷപ്പെടുത്താറ്. എന്നാൽ ഈ പരിഭാഷ അത്ര കൃത്യമല്ല. 'പ്രബോധനം' അഥവാ 'പഠിപ്പിക്കൽ' ആണ് 'തോറ'. ദൈവമാകുന്ന ഗുരുവിനു കീഴിൽ ശിഷ്യപ്പെട്ടിരിക്കുകയാണത്രേ പ്രപഞ്ചം. അതിനാലാണ് പ്രപഞ്ചം എല്ലാം കൃത്യമായും ക്രമമായും ചെയ്യുന്നത്. 19-ാം സങ്കീർത്തനത്തിന്റെ ആദ്യഭാഗം - അതായത് 1 മുതൽ 6 വരെ വാക്യങ്ങൾ - ഈ സത്യമാണു വിളിച്ചോതുന്നത്. 7 മുതൽ 10 വരെയുള്ള വാക്യങ്ങളിൽ തോറയെ പേർത്തും പേർത്തും

കീർത്തിച്ചശേഷം 11 മുതൽ 14 വരെയുള്ള വാക്യങ്ങളിൽ സങ്കീർത്തകൻ ഒരു ആത്മപരിശോധന നടത്തുകയാണ്: പ്രപഞ്ചം ദൈവഗുരുവിന്റെ പ്രബോധനത്തോട് കൃത്യമായും സർഗ്ഗാത്മകമായും പ്രതികരിക്കുന്നുണ്ട്. എന്നാൽ മനുഷ്യനായ താൻ ഇക്കാര്യത്തിൽ അറിഞ്ഞും അറിയാതെയും പലപ്പോഴും പരാജയപ്പെടുന്നു. ആഴം ആഴത്തെ വിളിക്കുമ്പോഴും മനുഷ്യൻ ഉപരിപ്ലവതകളിൽ കുടുങ്ങി ലോഗോസിനോട് ഡയലോഗ് ചെയ്യാൻ കെല്പില്ലാത്തവനായി മാറുന്നു.

മോശയിലൂടെയും പ്രവാചകരിലൂടെയും വചനം മനുഷ്യനു മുന്നിലുയർത്തിയ വെല്ലുവിളി യഥാർത്ഥത്തിൽ മനുഷ്യന് തന്റെ ആഴങ്ങളിലേക്കുള്ള ദൈവത്തിന്റെ ക്ഷണക്കത്തായിരുന്നു. പക്ഷേ, പലപ്പോഴും വചനവാഹകൻ തിരസ്കരിക്കപ്പെട്ടു, അവഹേളിക്കപ്പെട്ടു. ആമോസ് പ്രവാചകൻ ബഥേലിൽ പ്രവചിക്കുന്നതിൽനിന്ന് വിലക്കപ്പെട്ടു (ആമോസ് 7:12–3). "നിങ്ങളുടെ വലിയ അപരാധവും വിദ്വേഷവും നിമിത്തം പ്രവാചകൻ നിങ്ങൾക്കു വിഡ്ഢിയായി; ആത്മാവാൽ പ്രചോദിതനായവൻ ഭ്രാന്തനായി"എന്ന് ഹോസിയാ പ്രവാചകൻ വിലപിച്ചു (ഹോസി 9:7). ജറെമിയാ പ്രവാചകനാകട്ടെ, കിണറ്റിലേക്കെറിയപ്പെട്ടു (ജറെ 38:6). ഡയലോഗിനായുള്ള ദൈവവചനത്തിന്റെ ക്ഷണത്തോടുള്ള മറുതലിപ്പാണ് ഈ സംഭവങ്ങളിലെല്ലാം തെളിയുന്നത്. ഉപരിപ്ലവതയിൽ ക്ഷണികതയും വികാരവിജൃംഭണങ്ങളും ബഹളങ്ങളും നിഷേധങ്ങളുമേയുള്ളൂ; ശാന്തതയില്ല, ആലോചനയില്ല, പദ്ധതിയിടലുമില്ല. പ്രവാചക വചനങ്ങളിൽ സ്വന്തം ആഴങ്ങൾ തിരിച്ചറിഞ്ഞ മനുഷ്യരാകട്ടെ, അദ്ഭുതകരമായ ആഴങ്ങൾ സ്വന്തമാക്കി. ഹെസക്കിയാ രാജാവും ജോസിയാ രാജാവും നിനവേ നിവാസികളും സ്നാപകനിൽനിന്ന് മാമ്മോദീസ സ്വീകരിച്ചവരും എല്ലാം പ്രവാചകരിലൂടെ തങ്ങളുടെ ആഴത്തെ വിളിക്കുന്ന ദൈവത്തിന്റെ ആഴം തിരിച്ചറിഞ്ഞവരാണ്.

ആഴം ആഴത്തെ വിളിക്കുന്നതിന്റെ ഏറ്റവും ശ്രേഷ്ഠമായ ദൃശ്യം നാം കാണുന്നത് കർത്താവായ യേശുക്രിസ്തുവിലാണ്. ആദിയിൽ വചനമായിരുന്ന ദൈവം മാംസം ധരിച്ച് നമ്മുടെ ഇടയിൽ വസിച്ചു. നമ്മുടെ ഇടയിലെ ലോഗോസിന്റെ വാസം ഡയലോഗിനു നമ്മെ പ്രാപ്തരാക്കാൻവേണ്ടിത്തന്നെയായിരുന്നു. "തന്നെ സ്വീകരിച്ചവർക്കെല്ലാം, തന്റെ നാമത്തിൽ വിശ്വസിക്കുന്നവർക്കെല്ലാം, ദൈവമക്കളാകാൻ അവൻ കഴിവു നല്കി"

(യോഹ.1:12). നഷ്ടപ്പെട്ടുപോയ ആഴം മനുഷ്യന് തിരികെ കിട്ടിയത് വചനം മാംസം ധരിച്ചവനായ യേശുക്രിസ്തുവിലാണ്. ദൈവത്തിന്റെ പ്രബോധനം അതിന്റെ തികവിലും നിറവിലുമെത്തിയത് കർത്താവായ യേശുക്രിസ്തുവിലാണ്. നിയമത്തെയും പ്രവാചകന്മാരെയും പൂർത്തിയാക്കാനെത്തിയവനാണ് ക്രിസ്തു (മത്താ 5:17). അതിനാൽ അവിടന്ന് മലയിലെ പ്രസംഗത്തിൽ ആറുപ്രാവശ്യം ആവർത്തിച്ചു പറഞ്ഞു: "ഇങ്ങനെ പറയപ്പെട്ടത് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ...എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു" (മത്താ 5:21-22; 27-18; 31-32; 33-34; 38-39; 43-44). യേശുക്രിസ്തുവിലാണ് മനുഷ്യനു പ്രായപൂർത്തിയായത്. നൈയാമികനീതിയെ അതിശയിക്കുന്ന ദൈവികനീതിയിലേക്കുള്ള ക്ഷണം ക്രിസ്തുവിലാണ് മനുഷ്യനു വ്യക്തമായി ലഭിച്ചത് (മത്താ. 5:20). "ക്രിസ്തുവിന്റെ പരിപൂർണതയുടെ അളവനുസരിച്ചു പക്വതയാർന്ന മനുഷ്യരായി" (എഫേ.4:13) ത്തീരുമ്പോഴാണ് ദൈവത്തിന്റെ വിളിയും മനുഷ്യന്റെ പ്രതികരണവും സമ്പൂർണ സാക്ഷാത്കാരം നേടുന്നത്.

ഇന്ന് ആഴത്തിന്റെ വിളി നാം കേൾക്കുന്നത് വിശുദ്ധ ഗ്രന്ഥത്തിലൂടെയും വിശുദ്ധപാരമ്പര്യത്തിലൂടെയുമാണ്. കേരളസഭ ബൈബിൾ മേഖലയിൽ ഏറെ പുരോഗമിച്ചിട്ടുണ്ട്. P.O.C ബൈബിളിന്റെ ശ്രവ്യരൂപവും ഇന്റർനെറ്റ് രൂപവും ഇന്ന് നമുക്കു ലഭ്യമാണ് (www.keralabiblesociety.com; www.pocbible.com). നാലര ലക്ഷത്തോളം പേർ പങ്കെടുക്കുന്ന ലോഗോസ് ക്വിസ് ആഗോളതലത്തിൽതന്നെ അതുല്യസ്ഥാനം നേടിക്കഴിഞ്ഞു. ലോഗോസ് ക്വിസിനെ ഹൃദയത്തിലേറ്റുവാങ്ങി ഗിന്നസ് ബുക്കിന്റെ പടിവാതില്ക്കലെത്തിച്ച നിങ്ങൾക്കോരുരുത്തർക്കും എന്റെ ഹൃദയം നിറഞ്ഞ അനുമോദനങ്ങൾ. K.C.B.C. ബൈബിൾ കമ്മീഷൻ സംഘടിപ്പിച്ചിട്ടുള്ള ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിൽ ആയിരങ്ങൾ പങ്കെടുക്കുന്നുണ്ടെങ്കിലും വീട്ടിലിരുന്ന് ബൈബിൾ പഠിക്കാൻ അനേകായിരങ്ങൾ ഇനിയും പേരു രജിസ്റ്റർ ചെയ്യേണ്ടിയിരിക്കുന്നു. എല്ലാ ബുധനാഴ്ചയും പാലാരിവട്ടം P.O.C. യിൽ നടത്തപ്പെടുന്ന സായാഹ്ന ബൈബിൾ ക്ലാസ്സിൽ നൂറുകണക്കിനുപേർ പങ്കെടുക്കുന്നുണ്ട്. ഹീബ്രു, ഗ്രീക്ക് എന്നീ ബൈബിൾ ഭാഷകൾ പഠിക്കാനുള്ള അവസരവും ഈ ക്ലാസ്സിനോടുകൂടെ ഒരുക്കിയിട്ടുണ്ട്. സമാനമായ ബൈബിൾ ക്ലാസ്സുകൾ കേരളത്തിലെ വ്യത്യസ്തസ്ഥലങ്ങളിൽ നടക്കുന്നുണ്ട്. ഇനിയും ഏറെപ്പേർ അവയിൽ പങ്കെടുത്ത് വചനം

പഠിക്കാൻ മുന്നോട്ടുവരേണ്ടതായുണ്ട്. വിശുദ്ധഗ്രന്ഥത്തിൽ ആഴമായ ജ്ഞാനം നേടിയ ബൈബിൾപണ്ഡിതന്മാരുടെ നിറഞ്ഞ സാന്നിധ്യത്താൽ അനുഗൃഹീതയാണ് കേരളസഭ. ബൈബിൾ വിജ്ഞാനീയത്തിൽ ഓരോ വർഷവും മലയാളത്തിൽ പ്രസിദ്ധീകൃതമാകുന്ന ഗ്രന്ഥങ്ങളുടെ കണക്കെടുത്താൽത്തന്നെ ഈ യാഥാർത്ഥ്യം ബോധ്യമാവുന്നതാണ്. ഇവരുടെ കൂട്ടായ യത്നങ്ങൾ തീർച്ചയായും നമുക്ക് വലിയ മുതൽക്കൂട്ടായിരിക്കും. അവരെ പ്രാർത്ഥനകൾകൊണ്ടും ഗ്രന്ഥങ്ങൾ വാങ്ങിച്ചുകൊണ്ടും പ്രോത്സാഹിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യേണ്ടത് നമ്മുടെ കടമയാണ്. ഒപ്പം, മാധ്യമമേഖലയിൽ പ്രവർത്തിക്കുന്ന കലാകാരന്മാരെയും കലാകാരികളെയും നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം. ദൈവവചനം ആകർഷകമായ രീതിയിൽ സമൂഹത്തിലെത്തിക്കാൻ കൂടുതൽ ആഴമേറിയ ചിന്തകളും നടപടികളും അവരിൽ നിന്നുണ്ടാകട്ടെ. കേരളസഭയുടെ ബൈബിൾ പ്രേഷിതത്വത്തിൽ നേരിട്ടു പങ്കെടുക്കാൻ വ്യക്തിപരമായും കൂട്ടായും ഏവർക്കും കഴിയും. ഇതിനുള്ള ആദ്യപടി കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയിൽ അംഗങ്ങളാകുക എന്നതാണ്. ഇന്നുമുതൽ ജൂലൈ 13-ാം തീയതി വരെ നാം തീവ്രഅംഗത്വശേഖരണ ദിനങ്ങളായി ആചരിക്കുകയാണ്.

500 രൂപ മുതൽ മുകളിലേക്കുള്ള തുക അടച്ച് ആജീവനാന്ത അംഗത്വം നേടുന്നവർക്ക് കേരളസഭയിലെ ബൈബിൾ പ്രേഷിതത്വത്തിന്റെ ഓരോ ചുവടുവയ്പിലും ജനറൽ ബോഡിയംഗം എന്ന നിലയിലും തിരഞ്ഞെടുക്കപ്പെടുന്നവർക്ക് എക്സിക്യൂട്ടീവ് കമ്മിറ്റിയംഗം, മാനേജിങ്ങ് കൗൺസിൽ അംഗം എന്നീ നിലകളിലും നിർദ്ദേശങ്ങൾ വഴിയും സഹകരണംവഴിയും പ്രചാരണം വഴിയും ഭാഗഭാക്കുകളാകാൻ കഴിയും. സൊസൈറ്റിഅംഗങ്ങളെല്ലാവരും ഈ വരുന്ന ജൂലൈ 17-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് പാലാരിവട്ടം P.O.C.യിൽ വച്ചു ചേരുന്ന വാർഷികപൊതുയോഗത്തിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊള്ളുന്നു.

ഈ വർഷം നാം ബൈബിൾ ഞായർ കൊണ്ടാടുമ്പോൾ ബൈബിൾ മേഖലയിൽ ആഴം ആഴത്തെ വിളിക്കുന്നു എന്ന വലിയ യാഥാർത്ഥ്യം നമുക്ക് ഉൾക്കൊള്ളാം. ബൈബിൾ ഞായറിനോടനുബന്ധിച്ച് ബൈബിൾ ശുശ്രൂഷ, പ്രഭാഷണങ്ങൾ, റാലി, ക്ലാസ്സുകൾ, കലാസാഹിത്യമത്സരങ്ങൾ, പ്രദർശനങ്ങൾ, വീടുകളിൽ

ബൈബിൾ പ്രതിഷ്ഠകൾ തുടങ്ങിയവ സംഘടിപ്പിക്കാവുന്നതാണ്. കെ.സി.ബി.സി. ബൈബിൾ കമ്മീഷനും രൂപതാ ബൈബിൾ അപ്പസ്തോലേറ്റിനുംവേണ്ടി ബൈബിൾ ഞായറാഴ്ച ഓരോ ഇടവകയിലും നടത്തുന്ന പിരിവ് രൂപതാ കേന്ദ്രത്തിൽ എത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതതു രൂപതകളിലെ ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടർമാരോട് കൂടുതൽ സഹകരിച്ച് ബൈബിൾ പ്രേഷിതത്വം കൂടുതൽ ഊർജ്ജസ്വലമാക്കാൻ ഏവരും തയ്യാറാകണമെന്ന് ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുകയാണ്. ആഴം ആഴത്തെ വിളിക്കുന്നു. ബൈബിൾ പ്രേഷിതത്വത്തിൽ ആഴപ്പെടാൻ വചനം തന്നെയായ ദൈവം നമ്മെ ഏവരെയും അനുഗ്രഹിക്കട്ടെ.

**ബിഷപ്പ് മാർ ജോർജ്ജ് പുന്നക്കോട്ടിൽ**

ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

---

ഈ സർക്കുലർ ജൂൺ 13-ാം തീയതി ഞായറാഴ്ച ദിവ്യബലി മദ്ധ്യേ കേരളത്തിലെ എല്ലാ കത്തോലിക്കാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കണമെന്ന് താത്പര്യപ്പെടുന്നു.

---

## സോഷ്യൽ ആക്ഷൻ

1 ഏപ്രിൽ 16-ന് രാവിലെ 10 മുതൽ ഗ്രാമശ്രീ പുരുഷ സ്വാശ്രയ സംഘങ്ങളുടെ ഓഡിറ്റിംഗ്, സോഷ്യൽ ആക്ഷൻ ഓഡിറ്റോറിയത്തിൽ

2 ഏപ്രിൽ 20-ന് രാവിലെ 10.30ന് SAFI ഓഡിറ്റോറിയത്തിൽ വൈകല്യമുള്ള 108 കുട്ടികൾക്ക് 2,48,450 രൂപയുടെ സഹായധന വിതരണം ഡയറക്ടർ ഫാ. ജോസ് പാലാട്ടി നിർവ്വഹിക്കുന്നു.

3 മെയ് 4-ന് രാവിലെ 10ന് സോഷ്യൽ ആക്ഷൻ ഫോറത്തിന്റെ 2009-10 വർഷ കാലയളവിലെ വരവ് ചെലവ് കണക്കുകളുടെ ഓഡിറ്റിംഗ് M/s CM Joseph & Associates, Ernakulam നടത്തുന്നു.

4 മെയ് 4-ന് രാവിലെ 10ന് SAFI ഓഡിറ്റോറിയത്തിൽവെച്ച് Arama Sree Farm Club's Office Bear's Meet 2010

5 മെയ് 14-ന് ഫൊറോന തലത്തിൽ ബാലശ്രീ സംഘാംഗങ്ങൾക്കായി Balasree Cultural Meet 2010

6 എൻട്രൻസ് കോച്ചിങ്ങ് : സോഷ്യൽ ആക്ഷന്റെ നേതൃത്വത്തിൽ തിരഞ്ഞെടുക്കുന്ന വിദ്യാർത്ഥികൾക്ക് പ്രൊഫ. പി.സി.

തോമസിന്റെ ശിക്ഷണത്തിൽ സൗജന്യ എൻട്രൻസ് കോച്ചിംഗിലേയ്ക്കുള്ള പൂരിപ്പിച്ച അപേക്ഷ, സോഷ്യൽ ആക്ഷനിൽ സ്വീകരിക്കുന്ന അവസാന തിയ്യതി മെയ് 24

7 **സൗഹൃദം :** SAFI Rajagiri Outreach വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതിയുടെ ഭാഗമായ, ദ്വിദിന വേനൽക്കാല സൗഹൃദം ക്യാമ്പുകൾ പദ്ധതിപ്രദേശങ്ങളായ 32 യൂണിറ്റുകളിൽ ഏപ്രിൽ 5 മുതൽ മെയ് 25 വരെ തിയ്യതികളിൽ നടത്തപ്പെടുന്നു.

**ഫാ. ജോസ് പാലാട്ടി**
ഡയറക്ടർ

## പാക്സ്

1 **സാന്ത്വന കൗൺസലിങ്ങ് സെന്റർ**

പാക്സിൽ പ്രവർത്തിക്കുന്ന സാന്ത്വന ഫാമിലി കൗൺസലിങ്ങ് സെന്ററിലേക്ക് ബഹു. വികാരിയച്ചന്മാർ ധാരാളം പേരെ പറഞ്ഞു വിടുന്നുണ്ട്. നന്ദി. സാധിക്കുന്നത്ര എല്ലാവരോടും മുൻകൂട്ടി വിളിച്ച് അപ്പോയ്മെന്റ് എടുക്കുവാൻ അഭ്യർത്ഥിക്കണെ.

2 **കാനാ മാര്യേജ് ബ്യൂറോ**

രൂപതയുടെ മാര്യേജ് ബ്യൂറോ ആയ "കാനായിൽ" രജിസ്റ്റർ ചെയ്യുന്നതിന് 100 രൂപ ഫീസ് മാത്രമേയുള്ളൂ. ഫുൾ സൈസ് ഫോട്ടോയും നിർബന്ധമാണ്.

3 **പ്രീകാന :** മെയ് 2,3,4; 17,18,19; 31 ജൂൺ 1, 2
ജൂൺ 28, 29, 30

4 **പാക്സ് പ്രോഗ്രാം**

**മെയ് 4-10, Charity Congrigation**
12-14: Deaf and dumb gathering
25-27 : ഫിനിഷിങ്ങ് സ്ക്കൂൾ

5 **പാക്സ് ഡേ**

പന്തക്കുസ്താ ദിനമായ മെയ് 23 ഞായറാഴ്ചയാണ് പാക്സ് ഡേ. ഉച്ചകഴിഞ്ഞ് ട്രസ്റ്റ് വാർഷിക യോഗവും പാകാസ് കുടുംബ യോഗവും ഉണ്ടായിരിക്കും. കൗൺസലിങ്ങ് കോഴ്സ് ഗ്രാജ്വേഷനും ഈ യോഗത്തിലായിരിക്കും.

**ഫാ. ജോയ് നെല്ലിശ്ശേരി**
ഡയറക്ടർ

# സംഘടനാവാർത്തകൾ

## അവാർഡ്

**I**

1 **സ്പിരിച്വൽ റിന്യൂവൽ ഡേ :** ബഹുമാനപ്പെട്ട വൈദികർക്കും സിസ്റ്റേഴ്സിനുമുള്ള മാസധ്യാനം മെയ് മാസം ഒന്നാം തിയ്യതി രാവിലെ 8 മണി മുതൽ വൈകീട്ട് 4 മണി വരെ പരിയാരം CSR-ൽ വച്ച് നടത്തപ്പെടുന്നു.

2 **അവാർഡ് ടീം മീറ്റിങ്ങ് :** ഏപ്രിൽ മാസത്തിൽ നടന്ന പ്രവർത്തനങ്ങളെ വിലയിരുത്തുവാനും മെയ് മാസത്തിൽ ചെയ്യേണ്ട കാര്യങ്ങളെ ആസൂത്രണം ചെയ്യുവാനുമായി 3-ാം തിയ്യതി അവാർഡിൽ ഒത്തു ചേരുന്നു.

3 **ജനറൽ ബോഡി മീറ്റിങ്ങ് :** 2010 മെയ് 11ന് അഭിവന്ദ്യ പിതാവ് മാർ പോളി കണ്ണൂക്കാടന്റെ അദ്ധ്യക്ഷതയിൽ അവാർഡിന്റെ ജനറൽ ബോഡി യോഗം ചേരുന്നു. 2009-10 വർഷത്തെ പ്രവർത്തന റിപ്പോർട്ടും കണക്കും ബജറ്റും പൊതുയോഗത്തിൽ അവതരിപ്പിക്കും. ജൂബിലേറിയൻമാരായ പ്രൊവിൻഷ്യൽ വെരി. റവ. ഫാ. പയസ് ഊക്കൻ CMI, Sr.ലുസീന CSC, Sr. മറിയാമ്മ OP എന്നിവർക്ക് ആശംസകളും അർപ്പിക്കും.

4 **പഞ്ചായത്ത് അധികാരികളുടെയും വാർഡ് മെമ്പർമാരുടെയും സംഗമം :** രജതജൂബിലി ആഘോഷങ്ങളുടെ ഭാഗമായി അതിരപ്പിള്ളി, കോടശ്ശേരി, മറ്റത്തൂർ, പരിയാരം, വരന്തരപ്പിള്ളി, കൊടകര, ആളൂർ ഗ്രാമപഞ്ചായത്തുകളിലെയും ചാലക്കുടി നഗര സഭയുടെയും അധികാരികളുടെയും ജനപ്രതിനിധികളുടെയും സംഗമം മെയ് 13ന് അവാർഡ് ഭവനിൽ നടത്തപ്പെടുന്നു.

5 **Participatory Monitoring & Evaluation :** ഓരോ ടീം അംഗത്തിന്റെയും പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനും പ്രോത്സാഹനവും മാർഗ്ഗനിർദ്ദേശവും നൽകുന്നതിനുമായി 24-ാം തിയ്യതി PME നടത്തപ്പെടുന്നു.

**II Family Development :**

1 വിവിധ മാനസിക-കുടുംബ പ്രശ്നങ്ങളുമായി വരുന്നവർക്ക് Legal Counsellers -ന്റെ സേവനം ലഭ്യമാക്കുന്നു.

2 **സ്കോളർഷിപ്പ് വിതരണവും സെമിനാറും :** കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനും പ്രോത്സാഹനം കൊടുക്കു

ന്നതിനുമായി ദാരിദ്ര്യരേഖക്ക് താഴെ വരുമാനമുള്ള കുടുംബത്തിലെ തെരഞ്ഞെടുക്കപ്പെട്ട 275 കുട്ടികൾക്ക് സ്കോളർഷിപ്പ് വിതരണം ചെയ്യുന്നു.

3 **ചിൽഡ്രൻസ് ക്യാമ്പ് :** അവാർഡിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ദേശം വികസന സംഘടനകളിലെ കുട്ടികളുടെ ക്യാമ്പ് 5 പഞ്ചായത്തുകളിലായി 23-ാം തിയ്യതി മുതൽ 10 ദിവസം നടത്തപ്പെടുന്നു.

4 **Career Guidance :** 15 വയസ്സു മുതൽ 25 വയസ്സ് വരെ പ്രായമുള്ള ശാരീരിക വൈകല്യമുള്ള കുട്ടികൾക്കായി 12, 13 തിയ്യതികളിൽ അവാർഡിന്റെയും ശ്രീ. ശങ്കരാചാര്യ യൂണിവേഴ്സിറ്റിയുടെയും ആഭിമുഖ്യത്തിൽ ദ്വിദിന ക്യാമ്പ് നടത്തപ്പെടുന്നു.

5 **ബോധവൽക്കരണ ക്ലാസ്സ് :** കൊടകര പഞ്ചായത്തിൽവച്ച് കൗൺസലിംഗിന്റെ പ്രാധാന്യത്തെക്കുറിച്ചും 'ഗാർഹികാതിക്രമം 2005' എന്ന വിഷയത്തെ ആസ്പദമാക്കിയും ലീഗൽ കൗൺസിലർ Adv. ജിഷ മനോജ് ക്ലാസ്സ് നയിക്കുന്നു.

6 **വികലാംഗ പുനരധിവാസ പ്രവർത്തനം :** ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി എല്ലാ വെള്ളിയാഴ്ചകളിലും വിദ്യാഭ്യാസ-ചികിത്സാ സഹായം അവാർഡിൽ ലഭ്യമാക്കുന്നു. SARGA കൊടകര, പരിയാരം, കാടുകുറ്റി പഞ്ചായത്തുകളിലായി 35 ഗണങ്ങൾ രൂപീകരിച്ച് നല്ല രീതിയിൽ പ്രവർത്തനം മുന്നോട്ട് പോകുന്നു.

7 **തെറാപ്പി സെന്റർ :** അവാർഡിന്റെ നേതൃത്വത്തിൽ ഫിസിയോ തെറാപ്പിയും സ്പീച്ചിങ്ങ് തെറാപ്പിയും നടത്തി വരുന്നു.

## II Agriculture Department

8 പുത്തുക്കാവ്-കാരത്തോട് നീർത്തട പദ്ധതികളുടെ ഭാഗമായി 2008-09 വർഷത്തെ വ്യക്തിഗത സ്ക്കീമുകൾക്കുള്ള അപേക്ഷകൾ ക്ഷണിച്ച് ഗ്രാമസഭ അംഗീകരിച്ചു.

III വേളൂക്കര, പുത്തൻചിറ, വെള്ളാങ്കല്ലൂർ ഗ്രാമപഞ്ചായത്തുകളിലായി നടപ്പിലാക്കുന്ന അരീക്കൽ തോട് നീർത്തട പദ്ധതിയുടെ ഭാഗമായി പ്രദേശത്ത് 'Transact walk, PRA' എന്നിവ നടത്തപ്പെടും.

**IV മൈക്രോ എന്റർപ്രൈസസ് :** അവാർഡിന്റെ നേതൃത്വത്തിൽ ഏഴാംഘട്ട ഗൃഹോപകരണ പദ്ധതി മെയ് മാസത്തിൽ ആരംഭിക്കുന്നു.

**V CBO - Department :** അതിരപ്പിള്ളി, കോടശ്ശേരി, മറ്റത്തൂർ, പരിയാരം, വരന്തരപ്പിള്ളി പഞ്ചായത്തുകളിലെ ചിൽഡ്രൻസ് ക്ലബ് അംഗങ്ങൾക്കായി ഓരോ പഞ്ചായത്തിലും ദ്വിദിന ക്യാമ്പ് നടത്തുന്നു.

**ഫാ. ലിജുപോൾ പറമ്പത്ത്**
എക്സി. ഡയറക്ടർ

## സി. എൽ. സി.

**ത്രിദിന ക്യാമ്പ്**

ഈ വർഷത്തെ ലീഡേഴ്സ് ക്യാമ്പ് മെയ് 7, 8, 9 തിയ്യതികളിൽ ബി. എൽ. എം. ൽ വച്ച് നടത്തുന്നു. വൈകീട്ട് 5.30ന് രജിസ്ട്രേഷനോടു കൂടി ക്യാമ്പ് ആരംഭിക്കുന്നു. അഭിവന്ദ്യ പോളി കണ്ണൂക്കാടൻ പിതാവ് ക്യാമ്പ് ഉദ്ഘാടനം ചെയ്യുന്നു.

**മരിയൻ പദയാത്ര**

മെയ് 30-ാം തിയ്യതി രൂപത CLC-യുടെ നേതൃത്വത്തിൽ പുത്തൻചിറയിൽനിന്നും കുഴിക്കാട്ടുശ്ശേരിയിലേക്ക് മരിയൻ പദയാത്ര സംഘടിപ്പിക്കുന്നു. 2.30-ന് പുത്തൻചിറ പള്ളിയിൽനിന്നും ആരംഭിക്കുന്ന റാലി 4 മണിയോടെ വാഴ്ത്തപ്പെട്ട മറിയം ത്രേസ്യയുടെയും വിതയത്തിൽ അച്ചന്റെയും തീർത്ഥകേന്ദ്രത്തിൽ സമാപിക്കുന്നു. സമാപന സന്ദേശവും ആശീർവ്വാദവും അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവ് നിർവ്വഹിക്കുന്നു.

**ഫാ. ആൻഡ്രൂസ് ചെതലൻ**
ഡയറക്ടർ

## സാൻജോസദൻ

മാർച്ച് മാസത്തിൽ 38 പേർ ചികിത്സ സ്വീകരിച്ച് ലഹരി വിമുക്ത ജീവിതം നയിക്കുന്നു.

**നാളെകൾ**

A.A. മീറ്റിംഗും, Al- Anon മീറ്റിംഗും 16. 05. 2010 ഞായർ 9.30 am.- 2 pm.വരെ സാൻജോസദനിൽ

**ഫാ. പോളി കണ്ണൂക്കാടൻ (Jr.)**
ഡയറക്ടർ

# ഫാമിലി അപ്പസ്തോലെറ്റ്

1 **കുടുംബസമ്മേളനങ്ങൾ :** കുടുംബസമ്മേളനങ്ങളുടെ ഇലക്ഷന്റെ വർഷവും മാസവുമാണിത്. എല്ലാ യൂണിറ്റുകളിലും (ആവശ്യമെങ്കിൽ) ഇലക്ഷൻ നടത്തി ഭാരവാഹികളുടെ പേരുകൾ പാക്സിൽ അറിയിക്കണെ.

2 **പ്രോലൈഫ് :** രൂപതാ എക്സിക്യൂട്ടീവ് 3-ാം ഞായറാഴ്ചയായ മെയ് 16-ന് പാക്സിൽ കൂടുന്നു. എക്സിബിഷൻ മെറ്റീരിയൽസ് ശേഖരിച്ചവർ അവ എത്തിക്കണം.

3 **ഫിനിഷിങ്ങ് സ്ക്കൂൾ :** വർദ്ധിച്ചുവരുന്ന ഡിവോഴ്സുകളും കുടുംബ ശിഥിലീകരണവും വിരൽ ചൂണ്ടുന്ന പ്രശ്നങ്ങളിലൊന്ന്, സ്ത്രീകളുടെ കുടുംബജീവിത പ്രാപ്തിയിലെ അപര്യാപ്തതകളാണ്. അവ പരിഹരിക്കുന്ന്തിനും വിവാഹത്തിനൊരുങ്ങുന്നവരെ കുടുംബജീവിതത്തിന് പര്യാപ്തരാക്കുന്നതിനുമായി പ്രീകാന കോൺഫ്രൻസിന് പുറമെ 3 ദിവസത്തെ "ഹോം സയൻസ്" മാതൃകയിൽ ഫിനിഷിങ്ങ് സ്ക്കൂൾ ഒരുക്കുന്നു" ബഹു. വികാരിയച്ചന്മാർ ഇക്കാര്യം പള്ളിയിൽ അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

4 **ഏകസ്ഥ കൂട്ടായ്മ :** മെയ് 30 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ പാക്സിൽവച്ച് നമ്മുടെ രൂപതയിലെ എല്ലാ ഏകസ്ഥരുടെയും കൂട്ടായ്മ ഒത്തു ചേരുന്നു.

**ഫാ. ജോയ് നെല്ലിശ്ശേരി**
ഡയറക്ടർ

# സി. എൽ. എ.

ഇരിങ്ങാലക്കുട രൂപത കാത്തലിക് ലേബർ അസ്സോസിയേഷന്റെ നേതൃത്വത്തിൽ മെയ് 1-ാം തിയ്യതി ശനിയാഴ്ച രാവിലെ 9 മണിക്ക് ഇരിങ്ങാലക്കുട കെ.എൽ.എഫ്. നിർമ്മൽ ഇൻഡസ്ട്രീസിൽ അഭിവന്ദ്യ പോളി കണ്ണൂക്കാടൻ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ വി. കുർബാനയോടുകൂടി മെയ് ദിനാഘോഷ പരിപാടികൾ ആരംഭിക്കുന്നു.

**ഫാ. ലിന്റോ കുറ്റിക്കാടൻ**
ഡയറക്ടർ

# B.L.M.

1. **ആന്തരികസൗഖ്യ വചന അനുഭവ ധ്യാനം**
   മെയ് 2 ഞായർ 5 p.m.മുതൽ മെയ് 6 വ്യാഴംവരെ.
2. **ആന്തരികസൗഖ്യ ധ്യാനം**
   മെയ് 9 ഞായർ 5 p.m.മുതൽ മെയ് 13 വ്യാഴംവരെ.
3. **കുട്ടികൾക്കുള്ള ധ്യാനം**
   മെയ് 13 വ്യാഴം 5 p.m.മുതൽ മെയ് 16 ഞായർ വരെ.
4. **ആബ്ബാ അനുഭവ ആന്തരിക സൗഖ്യ ധ്യാനം**
   മെയ് 16 ഞായർ 5 p.m..മുതൽ മെയ് 20 വ്യാഴം വരെ.
5. **സ്നേഹ പ്രകാശം ടീം ആന്തരികസൗഖ്യ പരിശുദ്ധാത്മാഭിഷേക ധ്യാനം**
   മെയ് 20 വ്യാഴം 5 p.m.മുതൽ മെയ് 23 ഞായർ 5 p.m.വരെ.
6. **ആന്തരികസൗഖ്യ ധ്യാനം**
   മെയ് 23 ഞായർ 5 p.m.മുതൽ മെയ് 27 വ്യാഴം വരെ.
7. **ജീസസ് യൂത്ത് ഒരുക്കുന്ന യുവജനധ്യാനം**
   മെയ് 28 വെള്ളി 8 a.m.മുതൽ മെയ് 30 ഞായർ വരെ.

**ഫാ. ആന്റോ ചുങ്കത്ത്**
ഡയറക്ടർ

---

# വൊക്കേഷൻ ബ്യൂറോ

1 **ജീവിതമാർഗ്ഗദർശന ക്യാമ്പ് :** മാർച്ച് 29, 30, 31 തിയ്യതികളിൽ മൈനർ സെമിനാരിയിൽ ആൺകുട്ടികൾക്കായി സംഘടിപ്പിച്ച ജീവിതമാർഗ്ഗദർശന ക്യാമ്പിൽ 168 പേരും, ആളൂർ സെന്റ് ജോസഫ് ഇംഗ്ലീഷ് മീഡിയം സ്ക്കൂളിൽ പെൺകുട്ടികൾക്കുള്ള ക്യാംപിൽ 58 പേരും പങ്കെടുത്തു.

2 **ദൈവവിളി ധ്യാനം:** മെയ് 2-ന് ഞായറാഴ്ച വൈകീട്ട് 4 മുതൽ മെയ് 5ന് വൈകീട്ട് 4 മണി വരെ ഇരിങ്ങാലക്കുട സെന്റ് പോൾസ് മൈനർ സെമിനാരിയിൽ. ധ്യാനത്തിന്റെ വിജയത്തിനായ് പ്രാർത്ഥിക്കുക.

**ഫാ. വർഗ്ഗീസ് പാലത്തിങ്കൽ**
വൊക്കേഷൻ പ്രൊമോട്ടർ

## നവചൈതന്യ

മെയ് 2 ഫോളോ അപ് സെമിനാർ, ആദ്യ ഞായർ കൂട്ടായ്മ
" 5 സ്റ്റാഫ് മീറ്റിംഗ്, 9 ജാഗരണ പ്രാർത്ഥന
" 8-15 ലഹരി വിമോചന പരിശീലന ക്യാമ്പ് (രണ്ടാം ശനി മുതൽ മൂന്നാം ശനി വരെ)
" 8 മദേഴ്സ് ഡേ
" 10 എഡിറ്റോറിയൽ + റിസോഴ്സ് ടീം മീറ്റിംഗ്
" 13 N.A.R.F. മീറ്റിംഗ്
" 15 ലീഡേഴ്സ് + ആനിമേറ്റേഴ്സ് മീറ്റിംഗ്
" വാർഷികാഘോഷങ്ങൾ
" 24-26 ഫീൽഡ് വിസിറ്റ്
" 28-29 സ്ത്രീകളുടെ ക്യാമ്പ്
" 31 ലോക പുകയില വിരുദ്ധദിന പരിപാടികൾ

**ഫാ. ബെന്നി കരുമാലിക്കൽ**
ഡയറക്ടർ

## ഇടയന്റെ നാളുകൾ

**മെയ് 2010**

1. IJK, അവിട്ടത്തൂർ, നടവരമ്പ്, ചെന്നൈ
2. ചെന്നൈ, കൊച്ചി
3. കറുകുറ്റി, IJK, പുളിങ്കര
4. കോട്ടാറ്റ്, IJK
5. കടുപ്പശ്ശേരി, ഗുരുവായൂർ
6. IJK,പറപ്പൂക്കര
7. IJK
8. ആളൂർ, IJK, കുഴിക്കാട്ടുകോൺ
9. കോട്ടാറ്റ്, എടക്കുളം, കാക്കനാട്
10. കാക്കനാട്, പുല്ലൂർ
11. ചാലക്കുടി
12. എടക്കുളം, IJK, ലൂർദ്ദ്പുരം
13. പറപ്പൂക്കര
14. IJK
15. കൊറ്റനെല്ലൂർ, ആളൂർ, കാറളം
16. പഴൂക്കര, IJK
17. ചാലക്കുടി
18. പാലാ
19. തുമ്പൂർ, IJK, അവിട്ടത്തൂർ
20. IJK
21. IJK
22. പുത്തൻവേലിക്കര, അന്നമനട
23. കുമ്പിടി, കല്ലേറ്റുംകര
24. കോലഴി
25. IJK
26. കല്ലേറ്റുംകര
27. IJK
28. IJK
29. എലിഞ്ഞിപ്ര, വെള്ളിക്കുളങ്ങര
30. കുണ്ടൂർ, കുഴൂർ
31. IJK

## ജൂൺ 8 -2010

### വാഴ്ത്തപ്പെട്ട മറിയം ത്രേസ്യായുടെ തിരുനാളും ദൈവദാസൻ ജോസഫ് വിതയത്തിലച്ചന്റെ അനുസ്മരണദിനവും

ക്രൂശിതനായ യേശുവിനോട് അനുരൂപയാകാൻ ദാഹിച്ച് സഹനങ്ങളെ യേശുവിൽനിന്ന് ഏറ്റുവാങ്ങി കുടുംബങ്ങളുടെ വിശുദ്ധീകരണവും ആത്മാക്കളുടെ രക്ഷയും ജീവിത ദൗത്യമായി സ്വീകരിച്ച് ജീവിച്ച കുടുംബങ്ങളുടെ മദ്ധ്യസ്ഥയും തിരുക്കുടുംബ സന്യാസസമൂഹത്തിന്റെ സ്ഥാപകയുമായ വാഴ്ത്തപ്പെട്ട മറിയം ത്രേസ്യയുടെ തിരുന്നാളും പുത്തൻചിറ പള്ളി വികാരിയും നീണ്ട 26 വർഷം മറിയം ത്രേസ്യായുടെ ആദ്ധ്യാത്മിക നിയന്താവും ദിവ്യകാരുണ്യ ഉപാസകനും തിരുകുടുംബ സന്യാസ സമൂഹത്തിന്റെ സഹസ്ഥാപകനുമായ ദൈവദാസൻ ജോസഫ് വിതയത്തിലച്ചന്റെ അനുസ്മരണദിനവും ആഘോഷിക്കുന്ന ജൂൺ 8-ാം തിയ്യതി യിലെ തിരുനാളിൽ പങ്കെടുത്ത് അനുഗ്രഹം പ്രാപിക്കുവാൻ കുഴിക്കാട്ടുശ്ശേരി മറിയം ത്രേസ്യ തീർത്ഥകേന്ദ്രത്തിലേക്ക് ഞാൻ നിങ്ങളെ സ്നേഹപൂർവ്വം ക്ഷണിക്കുന്നു. വാ. മറിയം ത്രേസ്യയും ദൈവദാസൻ ജോസഫ് വിതയത്തിലച്ചനും നമ്മുടെ കുടുംബങ്ങൾക്കായി മാധ്യസ്ഥം വഹിക്കട്ടെ.

**മാർ പോളി കണ്ണൂക്കാടൻ**
നിങ്ങളുടെ പിതാവ്

## തിരുന്നാൾ പരിപാടികൾ

മെയ് 30 മുതൽ ജൂൺ 7-ാം തിയ്യതി വരെ എല്ലാ ദിവസവും ഉച്ചതിരിഞ്ഞ് 3.30ന് വി. ബലി, ലദീഞ്ഞ്, നൊവേന, തിരുശേഷിപ്പ് വണക്കം എന്നിവ ഉണ്ടായിരിക്കുന്നതാണ്. മെയ് 30-ാം തിയ്യതിയിലെ തിരുക്കർമ്മങ്ങൾക്ക് തൃശ്ശൂർ അതിരൂപത സഹായമെത്രാൻ മാർ റാഫേൽ തട്ടിലും ജൂൺ 5-ാംതിയ്യതിയിലെ കൊടികയറ്റത്തിനും തിരുക്കർമ്മങ്ങൾക്കും ഇരിങ്ങാലക്കുട രൂപതാ മെത്രാൻ മാർ പോളി കണ്ണൂക്കാടനും മുഖ്യ കാർമ്മികത്വം വഹിക്കുന്നു.

ജൂൺ 8 രാവിലെ 7.30ന് മോൺ. ഡോ. വിൻസന്റ് ആലപ്പാട്ടിന്റെ മുഖ്യ കാർമ്മികത്വത്തിൽ ദൈവദാസൻ ജോസഫ് വിതയത്തിലച്ചനു വേണ്ടിയുള്ള വി. ബലിയും അതിനുശേഷം നേർച്ചയൂണ് ആശീർവ്വാദവും ഉണ്ടായിരിക്കുന്നതാണ്. രാവിലെ 9.30 ന് എമെരിറ്റസ് താമരശ്ശേരി രൂപതാ മെത്രാൻ അഭിവന്ദ്യ മാർ പോൾ ചിറ്റിലപ്പിള്ളിയുടെ മുഖ്യ കാർമ്മികത്വത്തിൽ തിരുന്നാൾ കുർബാനയും, ഉച്ചക്ക് 2.30ന് എമെരിറ്റസ് ഇരിങ്ങാലക്കുട രൂപതാ മെത്രാൻ അഭിവന്ദ്യ മാർ ജെയിംസ് പഴയാറ്റിലിന്റെ മുഖ്യ കാർമ്മികത്വത്തിൽ ആഘോഷമായ സമൂഹബലിയും തുടർന്ന് പ്രദക്ഷിണവും തിരുശേഷിപ്പ് വണക്കവും ഉണ്ടായിരിക്കുന്നതാണ്.

## ഇടയന്റെ ഇന്നലെകൾ

**ഏപ്രിൽ 2010**

18. 2.00 p.m മെത്രാഭിഷേകം, സ്ഥാനാരോഹണം.

19. 03.00 p.m. മുൻമന്ത്രി ശ്രീ. വി. എം. സുധീരൻ അഭിവന്ദ്യ പിതാവിനെ സന്ദർശിച്ചു

20. 05.00 p.m. മാരാംകോട് പള്ളിയുടെ കൂദാശാകർമ്മം നിർവ്വഹിച്ചു.

21. 10.30 a.m. തൃശ്ശൂർ സി. എം. ഐ പ്രൊവിൻഷ്യൽ ഹൗസിൽ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു.

04.50 p.m. പുത്തൻവേലി ഇൻഫന്റ് ജീസസ് പള്ളിയിൽ വി. ബലിയർപ്പിക്കുകയും, ബൈബിൾ കൺവെൻഷൻ ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകുകയും ചെയ്തു.

22. 09.00 a.m. കച്ചേരിക്കാര്യങ്ങളിൽ സംബന്ധിച്ചു.

10.30 a.m. പത്രസമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു.

11.15 a.m. അൽവേർണിയ പ്രൊവിൻഷ്യാൽ ഹൗസിൽ വി. ബലിയർപ്പിച്ചു.

04.00 p.m. പറപ്പൂക്കര ഇടവകയിൽ ശ്രീ. ഡേവിസ് പുല്ലോക്കാരന്റെ മൃതസംസ്ക്കാരശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു.

07.00 p.m. എളംതുരുത്തിയിൽ പ്രോഗ്രാമിൽ സംബന്ധിച്ചു. തൃശൂർ ലൂർദ്ദ് കത്തീഡ്രലിൽ പുതിയ ബിഷപ്പു മാർക്ക് നൽകിയ സ്വീകരണ ചടങ്ങിൽ പങ്കെടുത്തു.

24. 08.00 a.m. കൊടകര ഫൊറോന പള്ളിയിൽ ആദ്യകുർബ്ബാന സ്വീകരണത്തിനും സ്ഥൈര്യലേപനത്തിനും കാർമ്മികത്വം വഹിച്ചു.

11.00 a.m. ആളൂർ ഇംഗ്ലീഷ് മീഡിയം സ്ക്കൂളിൽ നടന്ന ഏയ്ഞ്ചൽസ് മീറ്റ് ഉദ്ഘാടനം ചെയ്തു.

02.00 p.m. ആളൂർ ബി.ൽ.എം ൽ നടന്ന കേരളസഭാതാരം അവാർഡ്ദാനച്ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.

05.00 p.m. താഴേക്കാട് ഇടവകയിൽ തിരുന്നാൾ കൊടിയേറ്റുകയും വി. ബലിയർപ്പിക്കുകയും ചെയ്തു.

07.15 p.m. പുത്തൻചിറ ഫൊറോന പള്ളിയിൽ വാ. മറിയം ത്രേസ്യ ദൈവദാസൻ വിതയത്തിലച്ചൻ എന്നിവരുടെ അനുസ്മരണം, വൈദികവർഷാചരണം എന്നിവ യോടനുബന്ധിച്ച് നടന്ന പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു.

| | | |
|---|---|---|
| 25. | | കൊറ്റനെല്ലൂർ ഇടവകയിൽ ഇടയസന്ദർശനം നടത്തി. |
| 26. | 21.30 p.m. | മൈനർ സെമിനാരിയിൽ റെക്ടറച്ചന്റെ Feast Day പരിപാടികളിൽ പങ്കെടുത്തു. |
| | 1.30 p.m. | എടത്തിരുത്തിയിൽ ബഹു. വലിയവീട്ടിൽ അച്ചന്റെ അനുജനുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 04.00 p.m. | വൈദികവർഷാചരണത്തോടനുബന്ധിച്ച് പുളിപറമ്പ് പള്ളിയിൽ നടന്ന പ്രോഗ്രാമിൽ സംബന്ധിച്ചു. |
| 27. | 04.30 p.m. | ആനന്ദപുരം സെന്റ് മേരീസ് ഇടവകയിൽ തിരുന്നാൾ കൊടിയേറ്റുകയും, വി. ബലിയർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു. |
| | 06.00 p.m. | ബഹു. ഡീക്കന്മാർ പിതാവിനെ സന്ദർശിച്ചു. |
| 28. | 06.30 a.m. | തുറവൻകുന്ന് പള്ളിയിൽ തിരുന്നാൾ കൊടിയേറ്റുകയും വി. ബലിയർപ്പിക്കുകയും ചെയ്തു. |
| | 04.00 p.m. | കോട്ടാറ്റ് ഇടവകയിൽ ഒരു ഭവനം വെഞ്ചിരിച്ചു. |
| 29. | 08.00 a.m. | മുരിക്കിങ്ങൽ ഇടവകയിൽ പ്രഥമ ദിവ്യകാരുണ്യ സ്വീകരണത്തിനും സ്ഥൈര്യലേപനത്തിനും നേതൃത്വം നൽകി. |
| | 11.00 a.m. | ചാലക്കുടിയിൽ ഒരു പ്രോഗ്രാമിൽ സംബന്ധിച്ചു. |
| | 02.00 p.m. | കച്ചേരിക്കാര്യങ്ങളിൽ സംബന്ധിച്ചു. |
| | 03.00 p.m. | പ്രോവിൻഡൻസ് ഹൗസിൽ വി. ബലിയർപ്പിച്ചു. |
| 30. | 10.00 a.m. | പ്രെസ്ബിറ്ററൽ കൗൺസിൽ മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു. |
| | 07.00 p.m. | സ്പിരിച്ചാലിറ്റി സെന്ററിൽ മീറ്റിംഗിൽ സംബന്ധിച്ചു |

## കെ. സി. എസ്. എൽ.

### സംസ്ഥാന നേതൃത്വ പരിശീലന ക്യാമ്പ്

2010 ഏപ്രിൽ 19 മുതൽ 23 വരെ കോട്ടയം വടവാതൂർ സെമിനാരിയിൽവച്ച് നടന്ന സംസ്ഥാനതല നേതൃത്വ പരിശീലന ക്യാമ്പിൽ നമ്മുടെ രൂപതയിൽനിന്നുള്ള KCSL വിദ്യാർത്ഥികൾ സംബന്ധിച്ചു.

**ഫാ. ബിനോയ് കോഴിപ്പാട്ട്**
ഡയറക്ടർ